PALAKKAD
# Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed by
**JIM Offset, Palakkad**

Reg. No. KERMAL14748/11/01/2011-TC
Annual Subscription: Rs. 200

## ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം.............................................. | 03 |
| വിജ്ഞാപനം.............................................. | 08 |
| വിജ്ഞാപനം.............................................. | 10 |
| കാറോസൂസ............................................ | 11 |
| Bishop's Engagement................................. | 13 |
| From the Bishop's Office............................ | 14 |
| നിത്യാരാധനാ കപ്പേള.................................. | 16 |
| വിശ്വാസപരിശീലനവേദി............................... | 17 |
| ബൈബിൾ അപ്പോസ്തലേറ്റ്........................... | 22 |
| അൾത്താരസംഘം...................................... | 24 |
| ചെറുപുഷ്പ മിഷൻ ലീഗ്............................. | 25 |
| കെ.സി.വൈ.എം........................................ | 26 |
| തിരുബാലസഖ്യം......................................... | 31 |
| നവീകരണമുന്നേറ്റം..................................... | 31 |
| ഫാമിലി അപ്പോസ്തലേറ്റ്.............................. | 34 |
| കുടുംബകൂട്ടായ്മ....................................... | 34 |
| കെ.സി.എസ്.എൽ..................................... | 35 |
| മാതൃസംഘം............................................... | 36 |
| C.W.W.C.................................................... | 38 |
| സെഹിയോൻ ധ്യാനകേന്ദ്രം......................... | 39 |
| പി. എസ്. എസ്. പി................................... | 40 |
| സീറോമലബാർ പ്രേഷിതവർഷം................. | 44 |
| From the Bishop's Diary............................ | 47 |

407/2011
28-09-2011

# ഇടയലേഖനം-114

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
പാലക്കാട് രൂപതയുടെ മെത്രാൻ
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഒക്ടോബർ മാസം ജപമാല ഭക്തിക്ക് പ്രതിഷ്ഠിതമാണല്ലോ. കത്തോലിക്കാസഭയിൽ ഏഴുനൂറ്റാണ്ടുകളോളം പാരമ്പര്യമുള്ളതും ഏറ്റവുമധികം പ്രചാരമുള്ളതുമായ ഒരു ഭക്താഭ്യാസമാണല്ലോ ജപമാല പ്രാർത്ഥന അഥവാ കൊന്തനമസ്കാരം. വി. ഡൊമിനിക്ക് ആണ് ജപമാലക്ക് ആരംഭം കുറിച്ചതെന്നു പറയാം. രക്ഷാകരസംഭവങ്ങളുടെ 20 രഹസ്യങ്ങൾ ആണ് ഇപ്പോൾ ഒരു പൂർണ്ണ ജപമാലയായി കണക്കാക്കപ്പെടുന്നത്. ഈ രഹസ്യങ്ങളെ അവയുടെ ഉള്ളടക്കമനുസരിച്ച് സന്തോഷത്തിന്റെ, പ്രകാശത്തിന്റെ, ദുഃഖത്തിന്റെ, മഹിമയുടെ രഹസ്യങ്ങൾ എന്നിങ്ങനെ നാലായി തരം തിരിച്ചിരിക്കുന്നു.

ജപവും ധ്യാനവും ചേർന്ന പ്രാർത്ഥനയാണ് ജപമാല. എന്നിരുന്നാലും, ഇന്നും ചിലർ ജപമാലപ്രാർത്ഥനയെ അർത്ഥമില്ലാത്ത ആവർത്തനമെന്ന് വിമർശിക്കാറുണ്ട്. എന്നാൽ എല്ലാ മതങ്ങളുടെയും ചരിത്രത്തിൽ നാം കാണുന്ന ഒരു പ്രതിഭാസമാണ് ധ്യാനസഹായിയായ ആവർത്തനം (rumination). അങ്ങനെയുള്ള ആവർത്തനങ്ങളാണല്ലോ ഭാരതീയർക്കു പരിചിതമായ ഭജനകീർത്തനങ്ങൾ. മധ്യയുഗങ്ങളിലെ ക്രൈസ്തവ സന്യാസിമാർക്കിടയിലും ഇതുപോലുള്ള ആവർത്തന പ്രാർത്ഥനകൾ പ്രചാരത്തിലുണ്ടായിരുന്നു. ചെറുതും താളാത്മകവുമായ ഏതെങ്കിലും ഒരു പ്രാർത്ഥനയുടെ ആവർത്തനമാണ് അവർ നടത്തിയിരുന്നത്. ലളിതവും ആവർത്തനപരവുമായ പ്രാർത്ഥന ഭജനകീർത്തനങ്ങൾ പോലെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുകയും ഹൃദയത്തെ സ്പർശിക്കുകയും ചെയ്യുന്നുവെന്നാണ്





മനഃശാസ്ത്രജ്ഞന്മാർ പറയുന്നത്. ആത്മാർത്ഥമായി ദൈവത്തെ അന്വേഷിക്കുന്നവർക്കും അവിടുത്തെ സ്നേഹിക്കുന്ന ഹൃദയങ്ങൾക്കും ഇങ്ങനെയുള്ള ആവർത്തനം വിരസമല്ല, മറിച്ച് അത് ആഴമേറിയ ദൈവാനുഭവത്തിന്റെ മാർഗമാണ്.

കുരിശിൻചുവട്ടിൽ വച്ചാണ് തന്റെ അമ്മയെ ശിഷ്യസമൂഹത്തിനു മുഴുവൻ അമ്മയായി കർത്താവ് നല്കിയത്. യേശുതന്നെ മരിയഭക്തി ആവശ്യപ്പെടുന്നു എന്നത് അതിൽ നിന്ന് വ്യക്തമാണ്. 1858-ൽ ലൂർദ്ദിൽ വി. ബെർണർദീത്താക്ക് പരി. കന്യാമറിയം ഒരു പ്രാവിശ്യം ദർശനം നല്കിയത് കൈയിൽ ജപമാല പിടിച്ചുകൊണ്ടായിരുന്നു. 1917-ൽ ഫാത്തിമായിൽ ആട്ടിടയരായ കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല പ്രാർത്ഥിക്കുവാൻ മാതാവ് അവരോട് ആവശ്യപ്പെടുകയും അത വരെ പഠിപ്പിക്കുകയും ചെയ്തു. എല്ലാ പ്രാർത്ഥനയും യേശുവിലേക്കും പിതാവിലേക്കും നയിക്കുന്നതാണ്. ജപമാല പ്രാർത്ഥന അതിനു നമ്മെ പ്രത്യേകമായ വിധത്തിൽ സഹായിക്കുന്നുവെന്നതിനു വിശുദ്ധരുടെ ജീവിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വി. ഫ്രാൻസീസ് സേവ്യർ, വി. ചാൾസ് ബൊറോമെയോ, വി. ഫ്രാൻസീസ് സാലസ്, വി. ലൂയി മരിയ ദ മൗണ്ട്ഫോർട്ട് തുടങ്ങിയവരും നമുക്ക് സുപരിചിതരായ വിശുദ്ധ അല്ഫോൻസാമ്മയും വാഴ്ത്തപ്പെട്ട മദർ തെരേസയും നമ്മുടെ സഭയിലെ മറ്റു വാഴ്ത്തപ്പെട്ടവരും തികഞ്ഞ ജപമാല ഭക്തരായിരുന്നു.

ജപമാല ഭക്തിയെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സഭാതലവന്മാരായ മാർപ്പാപ്പാമാർ പ്രകടിപ്പിച്ച പ്രത്യേക താത്പര്യം എടുത്തുപറയേണ്ടതാണ്. 48 മാർപാപ്പമാർ 287 ചാക്രിക ലേഖനങ്ങളും അപ്പസ്തോലിക ലേഖനങ്ങളും ജപമാല പ്രാർത്ഥനയെപ്പറ്റി എഴുതിയിട്ടുണ്ട് എന്നറിയുമ്പോൾ നമുക്ക് അത്ഭുതം തോന്നും. വാഴ്ത്തപ്പെട്ട ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ തന്റെ ഡയറിക്കുറിപ്പിൽ എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്, "എല്ലാ വിശ്വാസികളുടെയും പിതാവെന്ന നിലയിൽ, സഭയിലെ എന്റെ പ്രബോധനാജപാലന ശുശ്രൂഷകളുടെ വിശാലമായ മേഖലയിലേക്ക് എന്റെ അരൂപിയെ തുറന്നുവെക്കാൻ സഹായിക്കുന്ന ധ്യനത്തിന്റേയും ഏകാഗ്രതയുടെയും സ്വസ്ഥമായ ഒരു പരിശീലനമായിത്തീർന്നിരിക്കുകയാണ് ജപമാല പ്രാർത്ഥന." പോൾ ആറാമൻ മാർപാപ്പാ പറയുന്നത്, ജപമാലയിൽ നാം ഉപയോഗിക്കുന്ന പ്രാർത്ഥനകളും ധ്യാനങ്ങളുമെല്ലാം ബൈബിളിൽ നിന്നുതന്നെ എടുത്തിട്ടുള്ളതും യേശുവിന്റെ രക്ഷാകര വേലയു

മായി അവഗാഢം ബന്ധപെട്ടവയുമാണ് എന്നാണ്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ജപമാല ഭക്തി ഏറെ പ്രസിദ്ധമാണല്ലോ. പ്രകാശത്തിന്റെ അഞ്ചുരഹസ്യങ്ങൾ ജപമാല യോടു കൂട്ടിചേർത്തത് അദ്ദേഹമാണ്. "ജപമാല ചൊല്ലുകയെന്നാൽ മറിയത്തോടൊപ്പം യേശുവിന്റെ തിരുമുഖം ധ്യാനിക്കുക എന്നല്ലാതെ മറ്റൊന്നുമല്ല" എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ശ്രദ്ധേയമാണ്.

ജപമാല പ്രാർത്ഥന യഥാർത്ഥത്തിൽ മാതാവിനെ കേന്ദ്രീകരിച്ചുള്ള ഒരു പ്രാർത്ഥനയല്ല, പ്രത്യുത യേശുവിന്റെ ജീവിത രഹസ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു ധ്യാനമാണ്. ജപമാല പ്രാർത്ഥിക്കുന്നവരെ യേശുവിലേക്കു നയിക്കുക മാത്രമാണ് മറിയം ചെയ്യുന്നത്. ജപമാല പ്രാർത്ഥിക്കുമ്പോൾ "നന്മ നിറഞ്ഞ മറിയമേ" എന്ന ജപത്തിന്റെ പശ്ചാത്തലത്തിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ നമ്മുടെ ആത്മീയനയനങ്ങൾ ദർശിക്കുകയാണ്. രക്ഷാകര സംഭവങ്ങളിലെ സന്തോഷത്തിന്റെയും പ്രകാശത്തിന്റെയും ദുഃഖത്തിന്റെയും മഹത്വത്തിന്റെയും രഹസ്യങ്ങളിലൂടെ പരിശുദ്ധ മാതാവിനോടൊപ്പം തീർത്ഥാടനം ചെയ്ത് യേശുവുമായി സജീവമായി ബന്ധപ്പെടുവാൻ ഈ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. മറ്റുതരത്തിൽ പറഞ്ഞാൽ, "എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച" ദൈവമാതാവിന്റെ ഹൃദയമാക്കി അത് നമ്മുടെ ഹൃദയത്തെ മാറ്റുന്നു. പുൽക്കൂടു മുതൽ കാൽവരി വരെയുള്ള വ്യാകുലപൂർണ്ണമായ ജീവിതാനുഭവങ്ങളിലും മറിയം ദൈവവിശ്വാസത്തിൽ ഉറച്ചുനിന്നു. മറിയത്തോടൊത്ത് ജപമാലയിലൂടെയുള്ള 'പ്രാർത്ഥനാകൂട്ടായ്മ' നമ്മുടെ ജീവിതത്തിന്റെ കഠിന പരീക്ഷണങ്ങളിലും വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ നമുക്ക് ശക്തി പകരും.

കുടുംബങ്ങളിലെ ഭക്തിനിർഭരമായ ജപമാലയർപ്പണം ഏറ്റം ഫലപ്രദമായ വിശ്വാസപരിശീലനം കൂടിയാണ്, അതിനു പ്രത്യേക പ്രാധാന്യവും പ്രസക്തിയുമുണ്ട്. കാനായിലെ കല്ല്യാണവിരുന്നിലാണ് കുടുംബമിത്രമായി മാതാവ് രംഗപ്രവേശനം ചെയ്തത്. കുടുംബത്തെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത മറിയം തന്റെ അനുഗ്രഹം തേടുന്ന കുടുംബങ്ങളെ കൈവെടിയുകയില്ല. ആധുനിക ജീവിത സാഹചര്യങ്ങൾ കുടുംബാന്തരീക്ഷത്തിൽ മാറ്റം വരുത്തുവാൻ കാരണമായിട്ടുണ്ട്. സന്ധ്യാപ്രാർത്ഥനയുടെ സമയം 'സ്റ്റാർ സിങ്ങേഴ്സും' 'കോമഡി ഷോകളും' അതിഭാവുകത്വം നിറഞ്ഞ സീരിയലുകളും അപഹരിക്കുമ്പോൾ പ്രാർത്ഥനയിലൂടെ നിത്യം പ്രശോഭിക്കുന്ന 'ദൈവികതാരങ്ങൾ' ആകുവാനുള്ള നമ്മുടെ വിളിയെയാണ് നാം വിസ്മരിക്കുന്നത്. അതിനുള്ള അവസരമാണ് നാം നഷ്ടപ്പെടുത്തുന്നത്. ക്രൈസ്തവ പാരമ്പര്യം പരിപോഷിപ്പിച്ചിരുന്ന മൂല്ല്യങ്ങളെ നഷ്ടപ്പെടുത്താതെ കുടുംബത്തിൽ പ്രാർത്ഥനക്കും അംഗങ്ങളുടെ ഒത്തുചേരലിനും തടസ്സം ഉണ്ടാകാതെ, ആധുനിക ലോകത്തിന്റെ സാഹചര്യങ്ങളുമായി ഇണങ്ങിചേരാൻ നാം പരിശ്രമിക്കണം. കുടുംബങ്ങളുടെ ഭദ്രതയും കെട്ടുറപ്പും നിലനിറു ത്താൻ സഹായകരമായ പ്രാർത്ഥനയായ ജപമാല നാം മുടക്കരുത്. "ജപമാല ചൊല്ലുന്ന കുടുംബങ്ങളിൽ സമാധാനമുണ്ടാകും" എന്നാണ് വി. ലൂയി മരിയ ദ മൗണ്ട്ഫോർട്ട് സാക്ഷ്യപ്പെടുത്തുന്നത്. കുടുംബങ്ങളിൽ യഥാർത്ഥസമാധാനം ഉണ്ടാകണമെങ്കിൽ ഭക്തിപൂർവ്വകം ജപമാല ചൊല്ലണമെന്ന് വി. പത്താം പീയൂസ് പാപ്പായും ഉദ്ബോധിപ്പിക്കുന്നുണ്ട്.

കുട്ടികൾക്കും യുവതലമുറക്കും നമുക്ക് നല്കാവുന്ന ഏറ്റം നല്ല മാതൃകയാണ് ഒരുമിച്ചുള്ള ജപമാല പ്രാർത്ഥന. ഈയടുത്ത നാളുകളിൽ മാതാവിനെക്കുറിച്ച് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ തലക്കെട്ട് "അമ്മയില്ലാത്ത വീടും അനുസരണമില്ലാത്ത മക്കളും" എന്നായിരുന്നു. പരിശുദ്ധ അമ്മക്ക് സ്ഥാനം കൊടുക്കാത്ത വീട് – "പ്രാർത്ഥനകളുയരാത്ത ആരാധനാലയമാണ്. അവിടെ, പങ്കുവയ്ക്കപ്പെടേണ്ട വീഞ്ഞു പാത്രങ്ങളിൽ കണ്ണുനീരു കലരുന്നു... നല്കപ്പെടേണ്ട കൂദാശകളിൽ വിലാപങ്ങൾ മുഴങ്ങുന്നു... വിശീയൊഴിയുന്ന ധൂപകുറ്റിയിൽ മരണഗന്ധം ഉയരുന്നു." പ്രസ്തുതലേഖനത്തിലെ ഏതാനും വരികൾ കൂടി ഉദ്ധരിക്കട്ടെ; "ഒരു മാതൃസാന്നിദ്ധ്യത്തിന്റെ അഭാവം നമ്മുടെ കാലഘട്ടത്തെ കൂടുതൽ ആസുരമാക്കുന്നുണ്ട്. ലൈംഗികരാജകത്വവും അക്രമണ പ്രവ ണതകളും ലഹരിയുടെ ഉപയോഗവുമൊക്കെ (sex, drugs and violence) നിയന്ത്രണാതീതമായി വർദ്ധിക്കുന്നതിനു കാലഘട്ടത്തെ പഴിച്ചതു കൊണ്ടായില്ല. മറിച്ചു പേറ്റുനോവിന്റേയും മുലപ്പാലിന്റേയുമിടയിൽ വാഴ്ത്തപ്പെടാതെപോകുന്ന പുതിയ തലമുറയുടെ അനാരോഗ്യമാണ് അത് ചൂണ്ടികാണിക്കുന്നത്. മൊബൈൽ ഫോണും, ഇന്റർനെറ്റുമൊക്കെ ദുരുപയോഗിക്കപ്പെടുന്നിടത്ത് ഒരമ്മമരത്തിന്റെ തണലിന്റെ അഭാവമുണ്ട്. അമ്മയുടെ സാന്നിദ്ധ്യമില്ലാതെയും അതറിയാതെയും വളരുന്ന ചില കുട്ടികൾ വളരെ വേഗത്തിൽ തിന്മയുടെ സംഘങ്ങളിൽ ചെന്നുപെടുകയും ഹിംസയുടെ വയലുകൾ സൃഷ്ടിക്കുകയും ചെയ്യുന്നത്, ദിനപത്രങ്ങളിലെ സാധാരണ വാർത്തയായി മാറുന്നു. കളിപ്പാട്ടങ്ങൾ കിട്ടിയപ്പോൾ അമ്മയുടെ മടിയിൽ നിന്നും താഴെയിറങ്ങിയോടുന്ന കുട്ടികളെപ്പോലെ ആധുനിക സാങ്കേതികവിദ്യയുടെ സൗകര്യങ്ങളിൽ നാം

അമ്മയില്ലാത്ത വീടുകൾ സൃഷ്ടിക്കുന്നു. അവിടെ വലിയ നിലവിളികളും പല്ലുകടികളും കാത്തുനില്ക്കുന്നു" (സത്യദീപം 2011, ആഗസ്റ്റ് 10). സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന തിന്മകൾക്കെതിരേയുള്ള ഫലപ്രദമായ ആയുധമാണ് ജപമാലയെന്ന ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ ഉദ്ബോധനം നമുക്ക് മറക്കാതിരിക്കാം.

മറിയത്തിന്റെ ജീവിതത്തിന്റെ ആകെതുക അവളുടെ അനുസരണ മായിരുന്നു. അതുകൊണ്ടാണ്, 'നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്നു മാലാഖയോടു അവൾ സമ്മതമരുളുന്നത്. ദൈവം പറഞ്ഞ തെല്ലാം അവൾ അനുസരിച്ചതിനാൽ, ഇന്നു മനുഷ്യമക്കൾക്കുവേണ്ടി അവൾ പറയുന്നതൊക്കെ ദൈവം കേൾക്കും. പരിശുദ്ധമറിയത്തിന്റെ മാദ്ധ്യസ്ഥ്യശക്തി ജപമാല പ്രാർത്ഥനക്ക് പ്രതിഷ്ഠിതമായിട്ടുള്ള ഈ മാസത്തിൽ പ്രത്യേകവിധത്തിൽ അനുഭവിച്ചറിയുവാനും അമ്മ യോടുള്ള ഭക്തിയിൽ വളരുവാനും നാം പരിശ്രമിക്കണം. ദേവാലയ ങ്ങളിലും അയൽവക്കകുടുംബങ്ങൾ ഒന്നുചേർന്നും ആഘോഷമായി ജപമാല അർപ്പിക്കുന്നതുവഴി വളരെയേറെ അനുഗ്രഹങ്ങൾ ഇടവക സമൂഹത്തിനും കുടുംബങ്ങൾക്കും ലഭിക്കുന്നുണ്ട്. ആയതിനാൽ ആ പതിവ് പൂർവ്വാധികം തീക്ഷണതയോടെ തുടരണമെന്ന് ഞാൻ ഉദ്ബോ ധിപ്പിക്കുന്നു. സീറോ മലബാർ സഭ പ്രേഷിതവർഷമാചരിക്കുന്ന ഈ അവസരത്തിൽ വചനം പ്രഘോഷിക്കാൻ കടപ്പെട്ടിട്ടുള്ളവരായ നാമോരുരുത്തരും ഓരോ രഹസ്യത്തേയും സംബന്ധിക്കുന്ന വചന ഭാഗം വായിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട് ജപമാല ചൊല്ലുന്നത് അവസരോചിതമായിരിക്കും. നമ്മുടെ അമ്മയും ജപമാല രാജ്ഞിയുമായ മറിയം നമ്മെയും നമ്മുടെ കുടുംബങ്ങളേയും തന്റെ പ്രാർത്ഥനവഴി സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **ഒക്ടോബർ 2-ാം** തീയതിയോ **9-ാം** തിയ്യതിയോ ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





1163-2011
21.09.11

# വിജ്ഞാപനം - 107

## ശ്രേഷ്ഠ മെത്രാപ്പൊലീത്തായ്ക്ക് സ്വീകരണം

നമ്മുടെ സഭയുടെ തലവനും പിതാവുമായ മാർ ജോർജ്ജ് ആല ഞ്ചേരി മെത്രാപ്പൊലീത്ത, രൂപതയിൽ നവംബർ 12, 13 തിയ്യതികളിൽ പാസ്റ്ററൽ വിസീത്ത നടത്തുന്ന കാര്യം കഴിഞ്ഞമാസത്തെ വിജ്ഞാപ നത്തിൽ ഞാൻ നിങ്ങളെ അറിയിച്ചിരുന്നവല്ലൊ. പിതാവിന്റെ സന്ദർശനം ഉപകാരപ്രദവും ഫലപ്രദവുമാക്കുന്നതിനെക്കുറിച്ച് ബന്ധ പ്പെട്ട തലങ്ങളിൽ ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ അവ സരം നമ്മുടെ രൂപാതദിനം കൂടിയായി ആചരിക്കാമെന്ന് തീരുമാനി ക്കുകയുണ്ടായി. രൂപതാംഗങ്ങളുടെ കൂട്ടായ്മയും സഹകരണവും വളർത്തുവാനും പിതാവിനെ നേരിൽ കാണുവാനും കേൾക്കുവാനും ഈ സംഗമം ഏറെ സഹായിക്കും.

നവംബർ 12ന് ശനിയാഴ്ച രാവിലെ 10ന് സെന്റ് റാഫേൽസ് കത്തീഡ്രലിൽ പിതാവിന് ഔദ്യോഗിക സ്വീകരണം നൽകുന്നതാണ്. തുടർന്നുള്ള പൊതുസമ്മേളന പരിപാടികൾ നമ്മുടെ പാസ്റ്ററൽ സെന്റ റിൽവെച്ചായിരിക്കും നടത്തുന്നത്. രൂപതാംഗങ്ങളിൽ നിന്ന് പ്രാതി നിധ്യസ്വഭാവത്തോടെയാണ് ഇതിലേക്ക് അംഗങ്ങളെ ക്ഷണിക്കുന്ന ത്. താഴെ പറയുന്നവരാണ് പ്രസ്തുത ക്ഷണിതാക്കൾ.

1. ഇടവകകളിലും രൂപതാ സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദികർ
2. സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്
3. സന്യാസ ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാർ
4. മേജർ സുപ്പീരിയർമാർ ഇല്ലാത്ത സന്യാസിനി സമൂഹങ്ങളുടെ റീജണൽ സുപ്പീരിയർമാർ.
5. ഇടവകകളിലെ കൈക്കാരന്മാർ
6. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
7. പൗരോഹിത്യ രജത/സുവർണ്ണ ജൂബിലിക്കാർ (2010-2011)
8. സന്യാസിനികളിലെ സുവർണ്ണ ജൂബിലിക്കാർ (2010-2011)
9. കെ.സി.വൈ.എം. രൂപതാ ഭാരവാഹികൾ
10. സംഘടനകളുടെ രൂപതാതല പ്രസിഡന്റും സെക്രട്ടറിയും.
11. ഇടവകയിലെ മതബോധന പ്രധാനാധ്യാപകരും സെക്രട്ടറിമാരും

12. വിവാഹ സുവർണ്ണജൂബിലിക്കാർ (2010-2011)
13. ദേശീയ/സംസ്ഥാനതല യൂണിവേഴ്സിറ്റി റാങ്കുകാർ
14. വിശിഷ്ടസേവനത്തിന് അവാർഡ് ലഭിച്ചവർ
15. കുടുംബകൂട്ടായ്മയുടെ ഫൊറോനതല ഭാരവാഹികൾ

മേൽപ്പറഞ്ഞ എല്ലാവരേയും ഈ രൂപതാ സംഗമത്തിലേക്ക് ഞാൻ സന്തോഷപൂർവ്വം ക്ഷണിക്കുന്നു.

പൊതുസമ്മേളനത്തിൽവെച്ച് ജൂബിലിക്കാരേയും റാങ്ക് ജേതാക്കളെയും പ്രത്യേക അവാർഡിന് അർഹരായവരെയും ആദരിക്കുന്നതാണ്. അവരെ സംബന്ധിക്കുന്ന വിവരങ്ങൾ ഇടവകകളിലേക്ക് അയച്ചുതരുന്ന ഫോറത്തിൽ പൂരിപ്പിച്ച് ഒക്ടോബർ 20ന് മുമ്പ് അത് ബഹു. വികാരി ജനറാൾ അച്ചന് തിരിച്ചയച്ചുകൊടുക്കേണ്ടതാണ്. പൊതുസമ്മേളനത്തിൽവെച്ച് STARS എന്ന പേരിൽ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യംവെച്ച് ആരംഭിക്കുന്ന വിദ്യാഭ്യാസ പരിശീലന സഹായ പദ്ധതിയുടെ ഉദ്ഘാടനം പിതാവ് നിർവ്വഹിക്കും. വെള്ളപ്പാറയിൽ ആരംഭിക്കുന്ന ഫാർമസി കോളേജിന്റെ അടിസ്ഥാനശിലയും പിതാവ് ആശീർവ്വദിക്കുന്നതാണ്. ഉച്ചഭക്ഷണത്തിനുശേഷം ബഹു. അച്ചന്മാരെ പിതാവ് സംബോധനചെയ്യും. തുടർന്ന് ആയൂർപാലനയോടുചേർന്ന് പണിയുന്ന പ്രീസ്റ്റ് ഹോമിന്റെ ശിലാസ്ഥാപനകർമ്മം ശ്രേഷ്ഠ മെത്രാപ്പൊലീത്ത നിർവ്വഹിക്കുന്നതാണ്.

നവംബർ 13ന് ഞായറാഴ്ച രാവിലെ 8 മണിക്ക് കത്തീഡ്രലിൽ പിതാവ് ദിവ്യബലിയർപ്പിക്കും. അതിൽ സംബന്ധിക്കുന്നതിന് സൗകര്യമുള്ള എല്ലാവരേയും പ്രത്യേകിച്ച് കെ.സി.വൈ.എം. അംഗങ്ങളെ ക്ഷണിക്കുന്നു. വിശുദ്ധ കുർബാനക്കുശേഷം കെ.സി.വൈ.എം. അംഗങ്ങളുമായി പിതാവ് സംവദിക്കുന്നതാണ്. തുടർന്ന് സി.ആർ.ഐ. യൂണിറ്റിൽപ്പെട്ട സന്യാസ സഭാംഗങ്ങളെ കണ്ട് പിതാവ് സംസാരിക്കുന്നതാണ്. ഉച്ചകഴിഞ്ഞ് മൈനർ സെമിനാരി, പ്രൊവിൻഷ്യാൾ ഭവനങ്ങൾ, സെഹിയോൻ ധ്യാനകേന്ദ്രം എന്നിവയും പിതാവ് സന്ദർശിക്കുന്നതാണ്.

ലോകമെമ്പാടുമുള്ള നാൽപ്പതുലക്ഷത്തിലേറെ അംഗങ്ങളുള്ള ഊർജ്ജസ്വലമായ സീറോ-മലബാർ സഭയുടെ ആത്മീയാചാര്യനായ ശ്രേഷ്ഠ മെത്രാപ്പൊലീത്തയുടെ പ്രേഷിത വർഷത്തിലെ ഈ സന്ദർശനത്തിന് വളരെ പ്രസക്തിയുണ്ട്. മാത്രവുമല്ല, പിതാവിന്റെ സന്ദർശനം നമ്മുടെ രൂപതയുടെ ചരിത്രത്തിൽ പ്രധാനസംഭവവുമാണ്. നമ്മുടെ രൂപതയെക്കുറിച്ചും ആത്മീയ സാമൂഹ്യ മേഖലകളിലുള്ള നമ്മുടെ





പ്രവർത്തനങ്ങളെക്കുറിച്ചും നന്നായി അറിയാവുന്ന വ്യക്തിയാണ് അദ്ദേഹം. വിജ്ഞാനവും വിശുദ്ധിയും വിവേകവും ഒത്തിണങ്ങിയ പിതാവിനെ നമ്മുടെ സഭയുടെ തലവനായി ലഭിച്ചതിൽ ദൈവത്തിന് നന്ദി പറയാം.

നമ്മുടെ ഈ സംഗമം ഏറ്റം അനുഗ്രഹപ്രദവും ഫലപ്രദവുമാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അതോടൊപ്പം നമ്മുടെ സഭയെ സുവിശേഷാരൂപിയിൽ ധീരമായി നയിക്കുവാൻ ഇടയന്മാരുടെ തലവനായ ഈശോ പിതാവിനെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

*NB:-* ഈ വിജ്ഞാപനം ഒക്ടോബർ 9-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## FOR INFORMATION AND ATTENTION

# വിജ്ഞാപനം

**യേശുവിൽ പ്രിയ സഹോദരരേ, വാത്സല്യമുള്ള മക്കളെ,**

കത്തോലിക്കാവിശ്വാസികളായ നാം ഏറ്റുപറയുന്ന വിശ്വാസം ദൈവവചനത്തിലും വിശുദ്ധപാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ക്രിസ്തുവിലും അവിടുന്ന് സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും നാം വിശ്വസിക്കുന്നു. വിശ്വാസമാകുന്ന വലിയ നിക്ഷേപം അഭംഗുരം കാത്തുസൂക്ഷിക്കുവാനും പരിശുദ്ധാത്മാവിനാൽ പ്രേരിതരായി വിശ്വാസസത്യങ്ങളെ വിശ്വസ്തതാപൂർവ്വം പ്രഘോഷിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വവും അവകാശവുമുണ്ട്. സഭയുടെ പ്രബോധനാധികാരത്തോട് കത്തോലിക്കാവിശ്വാസികളായ നാം വിധേയത്വം പ്രകടിപ്പിക്കുകയും അനുസരണാപൂർവ്വം സ്വീകരിക്കുകയും ചെയ്യേണ്ടതാണ് (cfr.CCEO cc.595-598).

വെളിപ്പെടുത്തപ്പെട്ടതും കാതോലികവുമായ സത്യങ്ങൾ ദൈവവചനത്തിലോ വിശുദ്ധപാരമ്പര്യങ്ങളിലോ അടിസ്ഥാനമുള്ളവയാണ്. സഭാമക്കളായ നാം സഭയുടെ ഒദ്യോഗികപ്രബോധനത്തെ വിശ്വാസപൂർവ്വം സ്വീകരിക്കണം. അതുമാത്രമല്ല അത്തരം പഠനങ്ങൾക്ക് വിരുദ്ധമായ ഒന്നും പഠി

പ്പിക്കരുതെന്ന് അനുശാസിക്കുകയും വേണം. ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളെ വികലമായി ചിത്രീകരിക്കുകയും അതു പഠിപ്പിക്കുകയും ചെയ്യുന്ന വിവിധ സെക്ടുകളും പ്രസ്ഥാനങ്ങളും ഈയടുത്ത കാലത്തായി നമ്മുടെ രൂപതാതിർത്തിയിലും രൂപതയ്ക്ക് പുറത്തും രൂപപ്പെട്ടിട്ടുണ്ട്. അവയ്ക്ക് സഭയുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്തതാണ്.

നമ്മുടെ രൂപതാതിർത്തിയിലെ മുരിയാടുള്ള എംപറർ എമ്മാനുവേൽ ട്രസ്റ്റ് –സീയോൻ ധ്യാനകേന്ദ്രം ഇരിങ്ങാലക്കുട രൂപതയുടെ യാതൊരു അംഗീകാരമോ അനുവാദമോ ഇല്ലാത്തതാകുന്നുവെന്ന് ഞാൻ പ്രത്യേകം അറിയിക്കുന്നു. കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർ ഒരിക്കലും ഈ ധ്യാനകേന്ദ്രത്തിലോ ഇത്തരം സ്ഥലങ്ങളിൽ ഇവർ നയിക്കുന്ന ധ്യാനപ്രഘോഷണത്തിലോ സംബന്ധിക്കരുതെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. സഭയുടെ അംഗീകാരമില്ലാത്ത ഇവർ നേതൃത്വം നല്കുന്ന പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും സംബന്ധിക്കരുത്. വിശ്വാസത്തിലും സഭാപ്രബോധനങ്ങളിലും അടിയുറച്ച ഒരു ക്രൈസ്തവജീവിതം നയിക്കുവാൻ ഏവരും ശ്രമിക്കണം. അബദ്ധവിശ്വാസം പ്രചരിപ്പിക്കുന്ന വിശ്വാസികളുടെ സമൂഹത്തിൽ അകപ്പെട്ടുപോയവരെ സ്നേഹബുദ്ധ്യാ തിരുത്താൻ ഏവരും യത്നിക്കണം. പ്രാർത്ഥനയും ഉപവാസവും വഴി സ്വയം വിശുദ്ധീകരിക്കുവാനും യഥാർത്ഥവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയവർ തിരിച്ചുവരുന്നതിനും ഇടവരട്ടെയെന്ന് പ്രത്യാശിക്കുന്നു.

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാമെത്രാൻ
2011 വി. മത്തായിശ്ലീഹായുടെ തിരുനാൾ ദിവസം പുറപ്പെടുവിച്ചത്

## സീറോ മലബാർസഭയുടെ പ്രേഷിതവർഷത്തോട് അനുബന്ധിച്ച് കുർബാനയിലെ കാറോസൂസയിൽ കൂട്ടിചേർക്കാവുന്ന പ്രാർത്ഥനകൾ

(ഓരോ ദിവസവും ഏതെങ്കിലും ഒരു പ്രാർത്ഥന കുർബ്ബാനയിലെയും യാമപ്രാർത്ഥനകളിലേയും കാറോസൂസായിൽ കൂട്ടിചേർക്കുക)

1. നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് ആഹ്വാനം ചെയ്ത കർത്താവേ, മിഷൻ രംഗങ്ങളിൽ ശുശ്രൂഷചെയ്യുവാൻ ധാരാളം ദൈവവിളികൾ നല്കി ഈ പ്രേഷിതവർഷത്തിൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.





2. മിശിഹായ്ക്കുവേണ്ടി ജീവൻ സമർപ്പിക്കാനുള്ള ധൈര്യവും തീക്ഷ്ണതയും കാണിച്ച മാർ തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിൽ ഉറച്ചവരും സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമായ അല്മായസഹോദരങ്ങളെ ഈ പ്രേഷിത വർഷത്തിൽ തിരുസ്സഭയ്ക്ക് പ്രദാനം ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
3. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ധീരതയോടെ പ്രഖ്യാപിച്ച് തന്റെ ദൃഢമായവിശ്വാസം ഏറ്റുപറഞ്ഞ മാർതോമാശ്ലീഹായെപ്പോലെ, വചനത്തിന്റെ പ്രഘോഷകരും അങ്ങയുടെ സാക്ഷികളും ആയി ജീവിതം സമർപ്പിച്ചിരിക്കുന്ന ഞങ്ങളുടെ മേലദ്ധ്യക്ഷന്മാരെയും വൈദികരേയും സമർപ്പിതരെയും ഈ പ്രേഷിതവർഷത്തിൽ ധാരാളമായി അനുഗ്രഹിക്കണമെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
4. പെന്തക്കുസ്താതിരുനാളിൽ ശ്ലീഹന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ അയച്ച് സുവിശേഷം അറിയിക്കുവാൻ അവരെ ശക്തിപ്പെടുത്തിയ കർത്താവേ, ലോകമെങ്ങും വചനം പ്രഘോഷിക്കുവാൻ സന്നദ്ധരായ ധാരാളം പ്രേഷിതരെ ഈ പ്രേഷിതവർഷത്തിൽ സഭയ്ക്ക് നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
5. രക്ഷകനായ മിശിഹായെ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചൂടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്ക് പ്രയാസങ്ങളേയും എതിർപ്പുകളേയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ഈ പ്രേഷിതവർഷത്തിൽ ശക്തിനല്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
6. കർത്താവായ ഈശോയെ, നിന്റെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാൻ ഇറങ്ങിത്തിരിച്ച ശ്ലീഹന്മാരെപ്പോലെ എല്ലാത്തരം പ്രതിബന്ധങ്ങളുടേയും മുമ്പിൽ പതറാതെ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി വചനം പ്രഘോഷിക്കുവാൻ ഞങ്ങളെല്ലാവരേയും അനുഗ്രഹിക്കണമെയെന്ന് ഈ പ്രേഷിതവർഷത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.
7. കർത്താവായ ഈശോയെ, ലോകത്തിന്റെ പ്രലോഭനങ്ങൾക്കു അടിമപ്പെടാതെ ഞങ്ങളുടെ കുഞ്ഞുങ്ങൾ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്ന് നിന്റെ സുവിശേഷത്തിനു സാക്ഷികളായിത്തീരാൻ അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



# BISHOP'S Engagements

| | | |
|---|---|---|
| **OCTOBER** | | |
| 1 | | Church Blessing, Chandranagar |
| 2 | | St. Marys Church, Kallepully |
| 4 - 5 | | Mount St. Thomas, Kakkanad |
| 6 - 7 | | Sehion Retreat Centre, Thavalam |
| 8 | | Catechism Teachers Convention, Pastoral Centre. |
| 9 | AM | St. Joseph Church, Sreekrishnapuram |
| | PM | St. John the Baptist, Kottapuram |
| 11 | | Monthly Recollection, Bishop's House |
| 12 - 13 | | Mount St. Thomas, Kakkanad |
| 15 | AM | Ponnamkode (Kudumbakoottayma) Meeting, Yuvakshetra |
| | PM | Church Blessing, Kallekkad |
| 17-21 | | Pune |
| 23 | | Pattikara |
| 26 | | Kanjirapuzha (Kudumbakoottayma) |
| 30 | | Salem |
| **NOVEMBER** | | |
| 2 | | St. Raphael's Cathedral, Palakkad |
| | PM | Sehion Retreat Centre, Thavalam |
| 5 | | Malampuzha (Kudumbakoottayma) (Olavakkode Forane) |
| 10 | | Sehion Retreat Centre, Thavalam |
| 12-13 | | Pastoral visit of the Major Arch Bishop |







# From the Bishop's Office

**ആദരാഞ്ജലികൾ**

ഫാ. ജേക്കബ് പനയ്ക്കൽ, ഒക്ടോബർ 28.

**നിത്യാരാധന കപ്പേള**

സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നംവബർ 2ന് വി. കുർബാനയും ആരാധനയും പാലക്കാട് നിത്യാരാധന കപ്പേളയിൽ ഉണ്ടായിരിക്കുന്നതല്ല.

**മാസധ്യാനം**

ഒക്ടോബർ മാസത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം രൂപതാകാര്യാലയത്തിൽവച്ച് ഒക്ടോബർ 11ന് നടത്തപ്പെടുന്നതാണ്. ശ്രേഷ്ഠമെത്രാപ്പൊലീത്തായുടെ ഔദ്യോഗിക സന്ദർശനം സംബന്ധിച്ച കാര്യങ്ങൾ അന്ന് അറിയിക്കുന്നതാണ്.

**മിഷൻ ഞായർ**

ഒക്ടോബർ 23-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായറായി ആഘോഷിക്കുന്നത്. അന്നേദിവസം ലോകം മുഴുവനുമുള്ള സുവിശേഷ പ്രവർത്തനങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം. അന്നേദിവസത്തെ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുക. സംഭാവനകൾ സ്വീകരിച്ച് രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായർ കലണ്ടറും സംഭാവന കവറുകളും ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**രൂപതാദിന പിരിവ്**

രൂപതാദിന പിരിവ് എത്രയുംപെട്ടന്നുതന്നെ രൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കണമെന്ന് ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാനകണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**നാളാഗമം**

നാളാഗമത്തെക്കുറിച്ച് നമ്മുടെ രൂപതാ നിയമാവലി നമ്പർ 157ൽ

കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ഇതിനായി പ്രത്യേക പുസ്തകം തയ്യാറാക്കുന്നുണ്ട്. നവംബർ ആദ്യവാരത്തിൽ ജിം ഓഫ്സെറ്റിൽ നിന്നും 'നാളാഗമം' ലഭ്യമാകുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ പാസ്റ്ററൽ വിസീത്തക്ക് മുമ്പ് പള്ളികളുടെയും സ്ഥാപനങ്ങളുടെയും നാളഗമം തയ്യാറാക്കുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പിക്കുന്നു.

**ടാക്സ് അടച്ച രസീത്**

ടാക്സ് അടച്ച രസീതുകൾ ഒരു കാരണവശാലും ബില്ല്, വൗച്ചർ എന്നിവയുടെ കൂട്ടത്തിൽ വെയ്ക്കരുത്. 'ടാക്സ്' ഫയലിൽതന്നെ അത് സൂക്ഷിക്കേണ്ടതാണ്. സ്ഥലസംബന്ധമായ കാര്യങ്ങൾക്ക് ടാക്സ് അടച്ച രസീത് വളരെ അത്യാവശ്യമാണ്.

**പോക്കുവരവ് രേഖ**

പള്ളിവക സ്ഥലങ്ങളുടെ തീറാധാരമുണ്ടെങ്കിലും അവയുടെ "പോക്കുവരവ് രേഖ"ക്ക് ബന്ധപ്പെട്ട വില്ലേജിൽ അപേക്ഷകൊടുത്ത് എഴുതി വാങ്ങിക്കേണ്ടതാണ്.

**പള്ളിക്കണക്കെഴുത്തുകാർ**

പള്ളിക്കണക്കെഴുത്തുകാരെ ഫൊറോനാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കുന്നതാണ്. സമ്മേളനത്തിന്റെ സ്ഥലവും സമയവും ബന്ധപ്പെട്ട ഫൊറോന വികാരിമാരെ അറിയിക്കുന്നതാണ്.

**സീറോമലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു.**

സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്റർ നൽകുന്ന അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം ചരിത്രം ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോമലബാർ സഭാംഗങ്ങളായ വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2010 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളു. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേതാണ്. നാമനിർദ്ദേശങ്ങൾ 2011 October 20 – നകം Rev Dr Sebastian Naduthadam, Executive Director, Liturgical Research Centre, Mount St. Thomas, Kakkanad- 682030, P.B. No.3110, എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേതാണ്.





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Nov-11 | TUE | Rev. Fr. Paramby Thomas |
| 3-Nov-11 | THU | Rev.Fr. Parayil Jijo |
| 4-Nov-11 | FRI | Rev. Fr. Perumattil Antony |
| 5-Nov-11 | SAT | Rev. Fr. Perumbillil George |
| 7-Nov-11 | MON | Rev. Fr. Plathottathil Biju |
| 8-Nov-11 | TUE | Rev.Fr. Plathottathil Jinse |
| 9-Nov-11 | WED | Rev. Fr. Ponmani Jose |
| 10-Nov-11 | THU | Rev. Fr. Potteparambil Jose |
| 11-Nov-11 | FRI | Rev. Fr. Poovathanikunnel Jacob |
| 12-Nov-11 | SAT | Rev. Fr. Pulickathazhe Sebastian |
| 14-Nov-11 | MON | Rev. Fr. Pulikottil Vincent |
| 15-Nov-11 | TUE | Rev. Fr. Pullukalayil Reny |
| 16-Nov-11 | WED | Rev.Fr. Puramadathil Jino |
| 17-Nov-11 | THU | Rev. Fr. Puthenkalathil Jomon |
| 18-Nov-11 | FRI | Rev. Fr. Puthenpurayil Joshy |
| 19-Nov-11 | SAT | Rev. Fr. Puthukara John |
| 21-Nov-11 | MON | Rev. Fr. Thaikattil Anto |
| 22-Nov-11 | TUE | Rev. Fr. Thamarassery Sebastian |
| 23-Nov-11 | WED | Rev. Fr. Thanickal Thomas |
| 24-Nov-11 | THU | Rev. Fr. Tharaniyil Paul |
| 25-Nov-11 | FRI | Rev. Fr. Thattil Martin |
| 26-Nov-11 | SAT | Rev. Fr. Thekkumkattil Jomy |
| 28-Nov-11 | MON | Rev. Fr. Theruvankunnel George |
| 29-Nov-11 | TUE | Rev. Fr. Thoonikavil Jose Prakash |
| 30-Nov-11 | WED | Rev. Fr. Thottankara Francis |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപകദിനം**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 8-ാം തിയ്യതി ശനിയാഴ്ചയാണ് ആഘോഷിക്കുന്നത്. പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്ന മതാദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും ഒക്ടോബർ 7-ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 4.30ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.**

മതാദ്ധ്യാപകദിനത്തിൽ മതബോധനരംഗത്ത് 15, 25, 35 വർഷങ്ങളായി സേവനം ചെയ്ത മതാദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സരവിജയികൾക്കും, 2010-11 സ്ക്കോളാസ്റ്റിക് ടെസ്റ്റ് വിജയികൾക്കും സമ്മാനങ്ങൾ നല്കി അനുമോദിക്കുന്നു.

NB : മതാദ്ധ്യാപക ദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി സർവ്വീസ് കാർഡുകൾ ധരിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**35 വർഷ അവാർഡ്**

1. സി. സെനോ എഫ്.സി.സി. - പാലക്കുഴി

**25 വർഷ അവാർഡ്**

1. ബാബു സിറിയക്ക് - ആരോഗ്യപുരം
2. എ.എം. റാഫേൽ - കത്തീഡ്രൽ
3. അന്നമ്മ വർഗ്ഗീസ് - ഒറ്റപ്പാലം
4. ജോസഫ് വി.ടി - ശാന്തിതടം
5. ജോണി പി.ജെ. - മേലാർക്കോട്
6. ജോർജ്ജ് പി.വി. - പുലാപ്പറ്റ

**15 വർഷ അവാർഡ്**

1. മിനി ഷിബു - കാഞ്ഞിരപ്പുഴ ഡാം
2. ഡെബി സെബാസ്റ്റ്യൻ - പന്തലാംപാടം
3. കൊച്ചുത്രേസ്യാ കുര്യാക്കോസ് - മൈലംപുള്ളി
4. കുസുമം ജോസഫ് - കാഞ്ഞിരപ്പുഴ
5. സെബാസ്റ്റ്യൻ മൈലിക്കൽ - ഇരുമ്പകച്ചോല
6. സി. ആഗ്നസ് സി.എം.സി - ഇരുമ്പകച്ചോല
7. സി. ലീമ സി.എം.സി. - ഇരുമ്പകച്ചോല





8. കുഞ്ഞുമോൻ ഐക്യനാട്ടിൽ - ഇരുമ്പകച്ചോല
9. സജി കുന്നത്തൂർ - ഇരുമ്പകച്ചോല
10. അലോഷ്യസ് ജി. മൂഴിയിൽ - ചിറ്റൂർ, അട്ടപ്പാടി
11. സി. ദിവ്യ സി.എം.സി. - അഗളി
12. ലിസി ബേബി - കൈതച്ചിറ
13. ബിജു ജോസഫ് - മേരിലാന്റ്, ചിറ്റടി
14. സെലിൻ വർഗ്ഗീസ് - കയറാടി
15. ലിസി തോമസ് - കേരളശ്ശേരി
16. മറിയാമ്മ വി.വി. - കാരാകുറിശ്ശി
17. സോഫി അലക്സാണ്ടർ - വാളയാർ
18. മേരി ചാക്കോ - യാക്കര
19 ലൂസി ജോണി - യാക്കര
20. മോളി ജോയ് - കടപ്പാറ
21. സി. മേരി ജെന്നി എഫ്.സി.സി. - നെല്ലിയാംപതി
22. സി. ടെസ്സി എഫ്.സി.സി. - നെല്ലിയാംപതി
23. വത്സമ്മ അഗസ്റ്റിൻ - മരിയനഗർ, ചിറ്റടി
24. മത്തായി യു.എ. - ജെല്ലിപ്പാറ
25. ഷാജി വർക്കി - പാടൂർ

**മതാദ്ധ്യാപകരുടെ സാഹിത്യമത്സരവിജയികൾ**

**ഉപന്യാസം**

I[st] സി. മെറിൻ സി.എം.സി. - കൊടുന്തിരപ്പുള്ളി
II[nd] സി. ജെയിൻമരിയ സി.എം.സി. - കത്തീഡ്രൽ
III[rd] സി. മരിയ റോസ് എസ്.എ.ബി.എസ് - ഒലവക്കോട്

**ചെറുകഥ**

I[st] സി. ജിൽസ സി.എം.സി. - കല്ലേക്കാട്
II[nd] ആൻസില്ല എ. മാത്യു - അഗളി
III[rd] ജോജി പി.ജെ. - കോട്ടപ്പുറം

**കവിത**

I[st] റോസി വാറുണ്ണി - മേലാർക്കോട്
II[nd] സി. ജോയ്സി ഒ.പി. - മണ്ണാർക്കാട്
III[rd] എൽസബത്ത് വയലിൽ - പാലക്കുഴി

സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "പോകുവിൻ പ്രഘോഷിക്കുവിൻ" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ

ഫൊറോനകളിലും സംഘടിപ്പിക്കുന്നു. സമസ്തസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരായ നമുക്ക് ഈശോയുടെ ഉത്ഥാനാനുഭവത്തിൽ ഭാഗഭാക്കുകളാകാനും സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെചേർക്കുന്നു.**

| | | | |
|---|---|---|---|
| ഒക്ടോ. 5 | ബുധൻ | 9.30 am to 4.00 pm | മഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ.5 | ബുധൻ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 26 | ശനി | 9.30am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയാൻ ഒരുങ്ങുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 25 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ഒക്ടോ. 9 | ഞായർ | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| ഒക്ടോ. 16 | ഞായർ | 9.30 am to 4.00 pm | പാലക്കാട് & തത്തമംഗലം ഫൊറോനകൾ (പാസ്റ്ററൽ സെന്റർ) |

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ)**

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2011 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

HDC കറസ്പോണ്ടൻസ് കോഴ്സിനായി രൂപതാമതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായുള്ള ക്ലാസുകളുടെ തിയ്യതികൾ ചുവടെ ചേർക്കുന്നു.

ക്ലാസ് നടക്കുന്ന തിയ്യതികൾ - ഒക്ടോബർ 5, 6, ഡിസംബർ 26

സ്ഥലം - പാസ്റ്ററൽ സെന്റർ.

NB: ഒക്ടോബർ 5ന് പാസ്റ്ററൽ സെന്ററിൽ താമസിക്കുവാൻ ഒരുങ്ങി വരേണ്ടതാണ്. പഠിക്കുന്ന പുസ്തകം, നോട്ട്ബുക്ക്, ബൈബിൾ, ഉപപാഠപുസ്തകം, ബെഡ്ഷീറ്റ് എന്നിവ കരുതണം.

**പ്രേഷിതയായ സീറോ-മലബാർ സഭ**

'പോകുവിൻ പ്രഘോഷിക്കുവിൻ' എന്നതാണല്ലോ ഈ മതബോധന വർഷത്തിന്റെ വിഷയം. പ്രേഷിത വർഷത്തിന്റെ ചുവടുപിടിച്ചുള്ള ഈ വിഷയം കൂടുതൽ മനസ്സിലാക്കാനും ആഴപ്പെടാനും അതിന്റെ അടിസ്ഥാനത്തിൽ പോകാനും പ്രഘോഷിക്കാനും വേണ്ട പ്രേഷിത പ്രവർത്തന മനോഭാവം വളർത്തുന്നതിന് സീറോ-മലബാർ സഭയുടെ വശ്വാസപരിശീലനത്തി

നുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ തയ്യാറാക്കിയ ലളിതസുന്ദര പുസ്തകം **'പ്രേഷിതസഭ'** സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. **ഇതിൽ നിന്നും എല്ലാ വിഭാഗക്കാർക്കുമുള്ള ക്വിസ് മത്സരത്തിന് 15% ചോദ്യങ്ങൾ ഉണ്ടായിരിക്കും.** വില. 10 രൂപ. വേദപാഠം അഞ്ചാം ക്ലാസ്സിന് മുകളിലേക്കുള്ള എല്ലാ കുട്ടികൾക്കും അത് ലഭ്യമാക്കാനും പഠിപ്പിക്കാനും ബഹു. വികാരിയച്ചന്മാരും പ്രധാനാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**കുട്ടികളുടെ ക്വിസ് മത്സരം**

U.P, HS, HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു. അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 12ന് ഫൊറോനതലവും ഡിസംബർ 17 ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും. രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**NB: പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (യു.പി. 25-50, 100-132, എച്ച്.എസ്. 51-98, 134-149, എച്ച്.എസ്.എസ്. 155-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15%**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും
2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും
3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 12-ാം തിയ്യതി ഫൊറോന തലവും ഡിസംബർ 5ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (പേജ് 51-81, 173-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15%**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും
2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും
3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും





**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 7-ാം തിയ്യതി വെള്ളിയാഴ്ച്ച നടത്തപ്പെടുന്നു.

**SMCC അവാർഡ്**

സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ അവാർഡിനായി രൂപതയിൽ നിന്നും സഭാതലത്തിലേക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയയ്ക്കുന്നതിനുള്ള ശില്പശാല പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. ശില്പശാല **നവംബർ 19-ാം തിയ്യതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 20-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.**

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

Diocese of Palakkad

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവർക്ക് ഇന്ന് പ്രത്യേക താൽപര്യമുണ്ട്. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നതിന് വ്യാഖ്യാനം ആവശ്യമാണ്. ശാസ്ത്രീയമായി ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് കിട്ടുന്ന സമയം ചിലവഴിച്ച് ബൈബിൾ പഠിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബൈബിൾ കമ്മീഷൻ ബൈബിൾ കറസ്പോണ്ടൻസ്കോഴ്സ് (തപാൽ വഴിയുള്ള ബൈബിൾ പഠന പദ്ധതി) ഒരുക്കിയിരിക്കുന്നത്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. Phone : 9447997959, 0491-2510257

**ലോഗോസ് ക്വിസ് 2011**

**സംസ്ഥാനതല പരീക്ഷ**

ലോഗോസ് ക്വിസ് 2011-ന്റെ സംസ്ഥാനതല പരീക്ഷ പി ഒസിയിൽ വച്ച് 2011 നവംബർ 27ന് നടത്തുന്നതായിരിക്കും.

**അഭിനന്ദനങ്ങൾ**

**ലോഗോസ് ക്വിസ് 2011-ൽ ആനുപാതികമായി ഏറ്റവും കൂടുതൽ പേരേ പങ്കെടുപ്പിച്ചതിന് നമ്മുടെ രൂപത രണ്ടാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.** അതിനുവേണ്ടി പരിശ്രമിച്ച എല്ലാ ബഹു. അച്ചന്മാർക്കും മതാദ്ധ്യാപകർക്കും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന**

**സാഹിത്യമത്സരങ്ങൾ-2011**

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തുപേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല

അല്മയാർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1: അല്മായർ

വിഷയം: **യുക്തിയും ഭക്തിയും 'വെർബും ദോമിനി'യിൽ**

ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ

വിഷയം: **'വെർബും ദോമിനി': കേരള പശ്ചാത്തലത്തിൽ ഒരു പുനർവായന**

ഗ്രൂപ്പ് നമ്പർ 3: സന്ന്യാസിനികൾ

വിഷയം: **'വിശുദ്ധർ വിശുദ്ധഗ്രന്ഥവ്യഖ്യാതാക്കൾ'**





മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2011 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | സമ്മാനങ്ങൾ | | |
|---|---|---|---|---|
| | | First | Second | Third |
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 15 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| നവം. 05 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**അൾത്താരസംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 82-143) | | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 26 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ
രൂപതാതല മത്സരം ഡിസംബർ 10 ശനി - പാസ്റ്ററൽ സെന്റർ

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**വയലേലകളിൽ കർമ്മോത്സുകരായി**

**2011 ഒക്ടോബർ-കർമ്മപരിപാടികൾ**

**01 ശനി** കൊച്ചുത്രേസ്യായുടെ തിരുനാൾ; അസാധാരണ സമ്മേളനവും ദിവ്യകാരുണ്യസ്വീകരണവും അംഗത്വ നവീകരണവും നടത്തുക.

**ചിന്താവിഷയം:** വി. കൊച്ചുത്രേസ്യ പ്രേഷിത പ്രവർത്തനത്തിന്റെ വഴികാട്ടി.

**20 ഞായർ** രൂപതാ കലോത്സവ രജിസ്ട്രേഷനുള്ള അവസാന ദിവസം. രജിസ്ട്രേഷൻ ഫോമും രൂപതാ ട്രോഫികളും രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

**03 തിങ്കൾ** ചെറുപുഷ്പമിഷൻ ലീഗിന്റെ 64-ാം സ്ഥാപക ദിനം, പതാക ദിനം- ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യുക.

**05 ബുധൻ** വടക്കഞ്ചേരി, മേലാർക്കോട് മേഖലാ ഏകദിന സെമിനാർ

**06 വ്യാഴം** രൂപതാ കലോത്സവം- പാസ്റ്ററൽ സെന്റർ, പാലക്കാട്

**12 ബുധൻ** വി.അൽഫോൻസാമ്മയുടെ വിശുദ്ധ പദവി ദിനാചരണം.

**16 ഞായർ** വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ

**23 ഞായർ** മിഷൻ ഞായർ; അസാധാരണ സമ്മേളനവും ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.

**26 ബുധൻ** സംസ്ഥാന മാനേജിംഗ് കമ്മിറ്റി, സംസ്ഥാന വാർഷികം.





**അനുബന്ധപ്രവർത്തനങ്ങൾ**

പ്രാർത്ഥനാ നിയോഗം : മിഷൻ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടി

മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം ശാഖകളിൽ ക്രമീകരിക്കുകയും സംഭാവനങ്ങൾ ശേഖരിച്ച് മിഷൻ കേന്ദ്രങ്ങൾക്ക് അയച്ചു കൊടുക്കുകയും ചെയ്യുക.

മിഷൻ ലീഗ് അംഗങ്ങൾ ഇടവകയിലെ ജപമാല സമർപ്പണത്തിൽ പങ്കുചേരുകയും വ്യക്തിപരമായി ജപമാലയർപ്പിക്കുകയും ചെയ്യുക

അംഗത്വ സ്വീകരണവും നവീകരണവും ആഘോഷമായി നടത്തുക.

വി.അൽഫോൻസാമ്മയുടെ ഛായാചിത്രം ശാഖകളിൽ പ്രതിഷ്ഠിക്കുക.

ശാഖാസെമിനാറുകൾ നടത്തുക.

വിഷയം : പ്രേഷിത പ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ.

സുകൃതജപം: "വി. കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ"

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.

## കെ. സി. വൈ. എം

**ഗ്രാമോത്സവ് - 2011**

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്നുപറഞ്ഞ രാഷ്ട്രപിതാവിന്റെ വാക്കുകളെ പിൻതുടർന്ന് നടത്തുന്ന ഗ്രാമോത്സവ് 2011 കാഞ്ഞിരപ്പുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലക്കയം യൂണിറ്റിൽവച്ച് ഒക്ടോബർ 7, 8, 9 തിയ്യതികളിലായി നടത്തപ്പെടുന്നു. എല്ലാ യുവജനങ്ങൾക്കും സ്വാഗതം.

**ഉത്സവ് - 2011** (തിയ്യതികളിൽ വന്ന മാറ്റം ശ്രദ്ധിക്കുക)

ക്രൈസ്തവ യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന കെ.സി.വൈ.എം. രൂപതയിലെ യുവജനങ്ങളുടെ കലാപരവും കായികപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി നവംബർ 05ന് ഉത്സവ്-2011 സംഘടിപ്പിക്കുന്നു. ഇതിന് മുന്നോടിയായി യൂണിറ്റുതലത്തിലും ഫൊറോനതലത്തിലും മത്സരങ്ങൾ മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്. മത്സരങ്ങളുടെ നിയമങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

**രചനാ മത്സരങ്ങൾ**

ഇനങ്ങൾ : കവിത, ചെറുകഥ, ഉപന്യാസം, കാർട്ടൂൺ, മുദ്രാവാക്യം, പോസ്റ്റർ രചന, കൊളാഷ്, പത്രവാർത്ത രചന, നോട്ടീസ് രചന. പവർപോയിന്റ് പ്രസന്റേഷൻ.

തീയതി : ഒക്ടോബർ 16 ഞായർ (അതാതു യൂണിറ്റുകളിൽ വച്ച് നടത്തപ്പെടുന്നു) വിഷയം യൂണിറ്റ് ഡയറക്ടർ/ പ്രസിഡന്റ് വശം നവംബർ 6ന് മുമ്പ് എത്തിക്കുന്നതാണ്. രചനകൾ രൂപത കേന്ദ്രത്തിൽ ഒക്ടോബർ 31-ാം തിയതി 5.00 മണിക്ക് മുമ്പായി എത്തിക്കണം. (പൊതു നിബന്ധനകൾ സർക്കുലറിൽ)

**കലാകായിക മത്സരങ്ങൾ- നവംബർ 05 ശനി**

**പൊതുനിബന്ധനകൾ**

1. മത്സരം ഇടവകയിലെ കെ. സി. വൈ. എം. അംഗങ്ങളായ 15-നും 35-നും ഇടയ്ക്ക് പ്രായമുള്ള യുവതി -യുവാക്കൾക്കു മാത്രം. നിർബന്ധമായും ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി മാത്രമേ മത്സരിക്കാവൂ. അനർഹരായവർ പങ്കെടുത്തു എന്ന് തെളിഞ്ഞാൽ പ്രസ്തുത ടീം/ വ്യക്തി ശിക്ഷണനടപടിക്ക് വിധേയമാക്കപ്പെടും.
2. മത്സരങ്ങൾ യൂണിറ്റുതലത്തിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഒരു ഫൊറോനയിൽ നിന്ന് ഒരിനത്തിന് രണ്ട് എൻട്രികൾ മാത്രമെ സ്വീകരിക്കുകയുള്ളു.
3. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
4. കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാനുള്ളവരുടെ ലിസ്റ്റ് ഒക്ടോബർ 31-ാംതിയതി വൈകുന്നേരം 5 മണിക്ക് മുമ്പായി കെ.സി.വൈ.എം രൂപതാ ഓഫീസിൽ ഫൊറോന ഡയറക്ടറുടേയും പ്രസിഡന്റിന്റെയും ഒപ്പ് സഹിതം എത്തിക്കണം. അതിനുശേഷം ലഭിക്കുന്ന എൻട്രികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. രജിസ്ട്രേഷൻ ഫീസോടുകൂടി മാത്രമേ രജിസ്ട്രേഷൻ സ്വീകരിക്കൂ. രജിസ്ട്രേഷൻ ലിസ്റ്റ് നൽകുന്നതോടൊപ്പം കഴിഞ്ഞ വർഷത്തെ ട്രോഫികൾ തിരികെ ഏൽപ്പിക്കേണ്ടതാണ്.

   **രജിസ്ട്രേഷൻ ഫീസ് ഘടന:-**

   വ്യക്തിഗത ഇനം ഒന്നിന് - 30 രൂപ

   ഗ്രൂപ്പ് ഇനം ഒന്നിന് - 100 രൂപ
6. ഓരോ ഫൊറോനയ്ക്കും ഇടവകയ്ക്കും ടീം മാനേജർ ഉണ്ടായിരിക്കണം. മത്സരങ്ങളുടെ നടത്തിപ്പുമായി എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഫൊറോന ടീം മാനേജർവഴി മാത്രമെ പരാതി സ്വീകരിക്കുകയുള്ളു.
7. കലാ-കായിക മത്സരങ്ങളിലെ ഓരോ ഗണത്തിലേയും വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് മൂന്നെണ്ണത്തിനേ മത്സരിക്കാൻ അർഹതയുള്ളൂ. ഇവയ്ക്കു പുറമേ ഗ്രൂപ്പ് ഇനങ്ങൾക്കും പങ്കെടുക്കാം. കലാ- കായിക മത്സരങ്ങൾക്ക് ഓരോ വിഭാഗത്തിലും വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഉണ്ടായിരിക്കുന്നതാണ്. വ്യക്തിഗത ചാമ്പ്യൻഷിപ്പിന് ഗ്രൂപ്പ് ഇനങ്ങളുടെ പോയിന്റ്സ് കൂട്ടുന്നതല്ല. കായിക മത്സരങ്ങളുടെയും കാലാമത്സരങ്ങളുടെയും പോയിന്റുകൾ കൂട്ടിയാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുക.





8. വ്യക്തിഗത മത്സരങ്ങൾക്ക് നൽകുന്ന പോയിന്റുകൾ എ ഗ്രേഡ് 5 പോയിന്റ്, ബി ഗ്രേഡ് 3 പോയിന്റ്, സി ഗ്രേഡ് 1 പോയിന്റ് . സംഘമത്സരത്തിൽ യഥാക്രമം എ ഗ്രേഡ് 10 പോയിന്റ്, ബി ഗ്രേഡ് 5 പോയിന്റ്, സി ഗ്രേഡ് 3 പോയിന്റ്.
9. ഗ്രൂപ്പ് ഇനങ്ങളിൽ 7 പേരിൽ കൂടരുത്. ഗ്രൂപ്പിൽ പങ്കെടുക്കുന്ന എല്ലാവരുടേയും പേര് തന്നിരിക്കണം.
10. ഒരിനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം മൂന്നിൽ കുറവായാൽ ആ ഇനത്തിൽ മത്സരം നടത്തുന്നതല്ല. എന്നാൽ പങ്കെടുക്കുവാൻ റജിസ്റ്റർ ചെയ്തിരിക്കുന്നവർക്ക് ഒരു പോയിന്റ് നൽകുന്നതാണ്.
11. കായികമത്സരങ്ങളും കലാ മത്സരങ്ങളും ഒരേ സമയത്ത് ഒന്നിൽക്കൂടുതൽ സ്ഥലം/സ്റ്റേജിൽ നടത്തപ്പെടുന്നതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുക.
12. മത്സരങ്ങളെക്കുറിച്ചുള്ള പരാതികൾ അതാതു മത്സരത്തിനു ശേഷം 15 മിനിറ്റിനുള്ളിൽ രേഖാമൂലം ടീം മാനേജർ 250 രൂപ ഫീസോടുകൂടി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. **ജൂറി ഓഫ് അപ്പീലിന്റെ തീരുമാനം അന്തിമമായിരിക്കും**. പരാതി വാസ്തവമെങ്കിൽ പണം തിരികെ നൽകുന്നതാണ്.
13. ഭക്ഷണം ടീം മാനേജറുടെ ഉത്തരവാദിത്വത്തിൽ ക്രമീകരിക്കണം.
14. കെ.സി.വൈ.എംന്റെ ചൈതന്യത്തിന് നിരക്കാത്തവിധം മത്സരങ്ങളിലും മത്സരസ്ഥലത്തും പരിസരങ്ങളിലും ഉണ്ടാകാതിരിക്കുവാൻ യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും ശ്രദ്ധിക്കണം.
15. ഡയറക്ടർ അച്ചന്മാരുടെയും ആനിമേറ്റേഴ്സിന്റെയും ഭാരവാഹികളുടെയും നിർദ്ദേശങ്ങൾ എല്ലാ കെ.സി.വൈ.എം. പ്രവർത്തകരും അനുസരിക്കണം.

**കായിക മത്സരങ്ങൾ (മേഴ്സി കോളേജ് ഗ്രൗണ്ട്)**

**സമയം: നവംബർ 05 ശനി രാവിലെ 8.30 മണി മുതൽ**

**ഇനങ്ങൾ:**

ഓട്ടം 100 മീ., 200 മീ., 400 മീ., 1500 മീ., റിലേ 4*100 മീ

ഷോട്ട് പുട്ട്, ഡിസ്ക്കസ് ത്രോ, ജാവലിൻത്രോ, ഹൈജംപ്, ലോങ്ങ് ജംപ്

1. പുരുഷൻമാർക്കും വനിതകൾക്കും മത്സരങ്ങൾ വെവ്വേറെയായിരിക്കും.
2. ഹൈജംപ് യുവാക്കൾക്കു മാത്രം
3. ടീം മാനേജർ രാവിലെ 8.00ന് മുമ്പായി റിപ്പോർട്ട് ചെയ്ത് ടീം അംഗങ്ങളുടെ റോൾ നമ്പർ സ്വീകരിക്കേണ്ടതാണ്. മത്സരങ്ങൾ കൃത്യം 8.30 ന് തുടങ്ങുന്നതാണ്.

**കലാമത്സരങ്ങൾ**

**സമയം: നവംബർ 05 ശനി ഉച്ചക്ക് 1.00ന് (പാസ്റ്ററൽ സെന്റർ)**

**ഇനങ്ങൾ**

1. **ലളിതഗാനം** – 5 മിനിറ്റ് (യുവാവ്, യുവതി) ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങളായിരിക്കണം. സെമി ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല.
2. **കെ. സി. വൈ. എം. ആന്തം** – അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറ യുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. കെ. സി. വൈ. എം ഔദ്യോ ഗിക പതാക ഏന്തണം. മാർച്ചിങ്ങ് ട്യൂണാണ് ആലപിക്കേണ്ടത്.
3. **സംഘഗാനം** – 7 മിനിറ്റ്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയു കയോ, 7 പേരിൽ കൂടുകയോ പാടില്ല. സംഗീത ഉപകരണങ്ങൾ പാടി ല്ല. ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങളായിരിക്കണം.
4. **പ്രസംഗം** – 5 മിനിറ്റ്. (യുവാവ്, യുവതി) ഭാഷ – മലയാളം. 5 മിനിറ്റ് മുമ്പ് വിഷയം നൽകപ്പെടും.
5. **പ്രച്ഛന്നവേഷം** – 2 മിനിറ്റ്, ധാർമ്മിക മൂല്യങ്ങൾക്ക് ഉതകുന്നതായിരി ക്കണം, പശ്ചാത്തലസംഗീതം, സ്റ്റേജ് അലങ്കാരം, പിന്നണിയിൽ നിന്നുള്ള ശബ്ദം, മുഖംമൂടി, എന്നിവ അനുവദനീയമല്ല. അഭിനയപാട വമാണ് പരിഗണിക്കുക.
6. **മോണോആക്ട്** – 5 മിനിറ്റ്. ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ശബ്ദത്തിലും ഭാവത്തിലും അനുകരിക്കണം.
7. **സിംഗിൾ ഡാൻസ്** – 7 മിനിറ്റ് (യുവാവ്, യുവതി) സിംഗിൾ ഡാൻസ് മത്സരങ്ങൾക്ക് നാടോടിനൃത്തമാണ് അവതരിപ്പിക്കേണ്ടത്. സി.ഡി/ കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. സിനിമാഗാനങ്ങൾ അനുവദനീയമല്ല.
8. **ഗ്രൂപ്പ് ഡാൻസ്** – 10 മിനിറ്റ് (യുവതികൾക്ക് മാത്രം) അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ, 7 പേരിൽ കൂടുകയോ പാടില്ല.

**നിബന്ധനകൾ**

1. കലാമത്സരങ്ങൾ ക്രൈസ്തവ ആശയങ്ങൾ നൽകുന്നവയായിരിക്കണം.
2. യുവാവ്/യുവതി എന്ന് വേർതിരിച്ച് എഴുതാത്ത മത്സരങ്ങൾ യുവാ ക്കൾക്കും യുവതികൾക്കും ഒന്നിച്ചായിരിക്കും നടത്തുക.
3. ടീം മാനേജർ രാവിലെ 11.00 മണിക്ക് മുമ്പായി ഓഫീസിൽ റിപ്പോർട്ട് ചെയ്ത് ടീം അംഗങ്ങളുടെ റോൾ നമ്പർ സ്വീകരിക്കേണ്ടതാണ്.
4. അവതരണത്തിന് അരമണിക്കൂർ മുമ്പ് അതാത് സ്റ്റേജ് മാനേജർമാരുടെ പക്കൽ നിന്നും റോൾ നമ്പർ സ്വീകരിക്കേണ്ടതാണ്.
5. ഗ്രൂപ്പ് ഇനങ്ങൾക്ക് ഗ്രൂപ്പ് ലീഡറുടെ റോൾ നമ്പറാണ് നൽകേണ്ടത്.
6. ഫോൾസ് നമ്പർ മാത്രമേ സ്റ്റേജുകളിൽ വെളിപ്പെടുത്താവൂ. അവതര ണങ്ങളുടെ ഇടയ്ക്ക് സമയം നഷ്ടപ്പെടാതിരിക്കാൻ പങ്കെടുക്കുന്നവർ





രണ്ട് അവതരണങ്ങൾക്ക് മുമ്പേ ഒരുങ്ങി വെയിറ്റിംഗ് റൂമിൽ വന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. നൽകപ്പെട്ടിട്ടുള്ള ക്രമം പങ്കെടുക്കുന്നവർ തെറ്റിച്ചാൽ അവസരം നഷ്ട പ്പെടുന്നതായിരിക്കും. ഒരേ വ്യക്തിക്ക് ഒന്നിൽ കൂടുതൽ ഇനങ്ങളിൽ ഒരേ സമയത്ത് പങ്കെടുക്കുവാൻ ഉണ്ടെങ്കിൽ ടീം മാനേജർ മുൻകൂട്ടി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെക്കണ്ട് ആവശ്യമായ ക്രമീകരണങ്ങൾ നട ത്തേണ്ടതാണ്.
8. മത്സരങ്ങളുടെ സമയപരിധിക്ക് ഒരു മിനിറ്റ് മുമ്പ് വാണിംഗ് ബെൽ ഉണ്ടാ യിരിക്കും.
9. ഓരോ ഫൊറോനയ്ക്കും ഒരുങ്ങുന്നതിനായി ഓരോ റൂം നൽകുന്നതാ യിരിക്കും. ഉപയോഗത്തിന് ശേഷം റൂം വൃത്തിയാക്കിയിരിക്കണം.
10. ഭക്ഷണം ടീം മാനേജരുടെ ഉത്തരവാദിത്വത്തിൽ ക്രമീകരിക്കണം.

**മെമ്പർഷിപ്പ് ഫോം അഫിലിയേഷൻ**

2011 പ്രവർത്തന വർഷത്തിൽ രൂപതാസമിതിയുമായി അഫിലിയേഷൻനട ത്തിയിട്ടുള്ള യൂണിറ്റുകളുടേയും മെമ്പർഷിപ്പ് ഫോം നൽകിയിട്ടുള്ള അംഗ ങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അതത് ഫൊറോന ഡയറക്ടർമാ രുടെ കയ്യിൽ നൽകിയിട്ടുണ്ട്. യൂണിറ്റ് ഭാരവാഹികൾ ഫൊറോന ഡയറ ക്ടർമാരുടെ പക്കൽനിന്നോ രൂപതാ കാര്യാലയത്തിൽ നിന്നോ പ്രസ്തുത ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കാവുന്നതാണ്. പരിശോധിച്ചതിനുശേഷം മാത്രമെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു. മെമ്പർഷിപ്പ് ഫോം രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ എത്രയുംപെട്ടെന്ന് അഫിലിയേഷൻ ഫീ അടച്ച് പുതുക്കേണ്ടതാണ്.

**Programme for Migrant Youth of Palghat Diocese**

ഈ വർഷത്തെ പ്രേഷിത വർഷത്തോടനുബന്ധിച്ച് പ്രവാസി യുവ ജനങ്ങളുടെ പേരുവിവരങ്ങൾ ശേഖരിക്കുകയും അവർക്ക് ഇടവകയോടും കുടുംബത്തോടുമുള്ള ബന്ധംനിലനിർത്തുന്നതിനോടൊപ്പം വിശ്വാസ ധാർമ്മിക ജീവിതത്തിലും ഒരു സഹായമായി എത്തുവാൻ കെ.സി.വൈ. എം. ആഗ്രഹിക്കുന്നു. യൂണിറ്റ് ഭാരവാഹികൾ ഒക്ടോബർ 9ന് മുമ്പായി രൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

**നാടകസന്ധ്യ**

പാലക്കാട് രൂപതാസമിതിയുടെയും പാലക്കാട് ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ധനശേഖരാണാർത്ഥം കൊച്ചിൻ മരിയ കമ്മ്യൂ ണിക്കേഷൻസിന്റെ ബിഗ് ബഡ്ജറ്റ് ഡ്രാമാസ്കോപ്പ് നാടകം **'വി. ഗീവർഗ്ഗീസ്'** നവംബർ 20ന് മേഴ്സി കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെടുന്നു. ടിക്കറ്റ് സംബന്ധമായ വിവരങ്ങൾക്ക് കൺവീനർ ക്ലിന്റോ പോളുമായി ബന്ധപ്പെടുക. (9846355501).

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ 8 മാസക്കാലമായി രൂപതാ ട്രഷററായി സേവനമനുഷ്ഠിച്ച് സർക്കാർ സർവ്വീസിൽ പ്രവേശിച്ച ഷിജു വർഗ്ഗീസിന് നന്ദിയും കഴിഞ്ഞ രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് സത്യപ്രതിജ്ഞ ചെയ്ത് ഭാരവാഹികളായ വൈസ് പ്രസിഡന്റ് അന്നു ചെറിയാൻ, ട്രഷറർ ക്ലിന്റോ പോൾ എന്നിവർക്ക് സ്വാഗതവും ആശംസിക്കുന്നു.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ, കെ.സി.വൈ.എം.



# തിരുബാലസഖ്യം

**പ്രാർത്ഥനാ വിഷയം:** വി. കുർബാനയിൽ ഈശോയുടെ സാന്നിദ്ധ്യം കുഞ്ഞുങ്ങൾ തിരിച്ചറിയുവാൻ വേണ്ടി പ്രാർത്ഥിക്കുക.

**സുകൃതജപം:** പരിശുദ്ധാത്മാവെ, എന്നെ ശുദ്ധീകരിക്കണമെ.

**പ്രവർത്തനങ്ങൾ:** ആനിമേറ്റർമാരുടെ നേതൃത്വത്തിൽ കുട്ടികൾ വീടുകൾ സന്ദർശിക്കുക.

**1. ഫൊറോനസെമിനാർ**

സെപ്റ്റംബർ 3-ാം തിയ്യതി തത്തമംഗലം ഫൊറോനയിലെ കുഞ്ഞുങ്ങളുടെ സംഗമം ഭംഗിയായി നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ.ബിജു പ്ലാത്തോട്ടത്തിന്റെയും ഫൊറോന ഡയറക്ടർ ഫാ. ജോൺ പുത്തൂക്കരയുടേയും ആനിമേറ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട സെമിനാറിൽ 40 ഓളം കുട്ടികൾ പങ്കെടുത്തു. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ബ്ര. ഷൈജു എന്നിവർ ക്ലാസെടുത്തു. ഇതിനായി അദ്ധ്വാനിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

തുടർന്നുവരുന്ന സെമിനാറുകൾ

ഒക്ടോബർ 15 – വടക്കഞ്ചേരി ഫൊറോന സെമിനാർ

നവംബർ 05 – ഒറ്റപ്പാലം ഫൊറോന സെമിനാർ

**2. തിരുബാലസഖ്യം കലോത്സവം**

പ്രിയ ബഹു. അച്ചാ, ആനിമേറ്റർ, കുഞ്ഞുങ്ങളേ,

തിരുബാലസഖ്യം രൂപതാ കേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.....

സഖ്യത്തിൽപെട്ട കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗികകഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന, രൂപതാതല മത്സരങ്ങൾ ഈ വർഷവും നമുക്കൊരുമിച്ച് നടത്താം. രൂപതാതല മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് **2012 ഫെബ്രുവരി 11-ാം** തിയ്യതിയാണ്. അതിനുമുമ്പായി





ഫൊറോന മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ നവംബർ, ഡിസംബർ,ജനുവരി മാസങ്ങളിലായി ഫൊറോനതല മത്സരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ **2012 ജനുവരി 8ന്** മുമ്പായി രൂപതയിൽ ഏല്പിക്കേണ്ടതാണ്. ഫൊറോന മത്സരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപത തലത്തിൽ മത്സരിക്കാവുന്നതാണ്.

വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 4 എണ്ണത്തിലേ പങ്കെടുക്കാവൂ. മതബോധനത്തിന് 4-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മത്സര ഇനങ്ങൾ**

ജൂനിയേഴ്സ് (1,2 ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്.

സീനിയേഴ്സ് (3, 4, ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ഗ്രൂപ്പ്സോംഗ്, ആക്ഷൻസോംഗ്, ബൈബിൾ പാരായണം, കഥാപ്രസംഗം ബൈബിൾ വാക്യങ്ങൾ എഴുതൽ, പെൻസിൽ ഡ്രോയിംഗ്,പ്രസംഗം,ക്വിസ്.

**മത്സരനിയമാവലി**

**ലളിതഗാനം:** ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സമയം: 5 മിനിട്ട്

**ആക്ഷൻ സോംഗ്:** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം: 5 മിനിട്ട്

ബൈബിൾ കഥപറയൽ: ബൈബിൾ കഥ തന്നെയായിരിക്കണം. സമയം: 5 മിനിട്ട്

**പ്രസംഗം**: സമയം: 5 മിനിട്ട്

*വിഷയം:* പൗലോസ് ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത (സീനിയേഴ്സ്)

വി. അൽഫോൻസ കുഞ്ഞുമിഷനറിയാകാൻ ഉത്തമ മാതൃക (ജൂനിയേഴ്സ്)

**പെൻസിൽ ഡ്രോയിംഗ്**: നല്കുന്ന ചിത്രമോ, ശിൽപമോ നോക്കി വരയ്ക്കുക, 45 മിനിട്ട് സമയം.

**ഗ്രൂപ്പ്സോംഗ്:** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മത്സരമുള്ളൂവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം: 5 മിനിട്ട്

**ബൈബിൾ പാരായണം.** പുതിയനിയമത്തിൽനിന്നും നിശ്ചിത ഭാഗം വായിക്കുവാൻ കൊടുക്കുന്നതാണ്. അധ്യായവും വാക്യവും പറയണം. വി.ഗ്രന്ഥത്തോടുള്ള ആദരവ്, വായിക്കുന്ന രീതി, സ്ഫുടത, പുസ്തകപരിചയം എന്നിവ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**കഥാപ്രസംഗം:** ബൈബിളിലെ കഥ തന്നെയായിരിക്കണം. പിന്നണി അനുവദനീയമല്ല. 15 മിനിട്ട് സമയം

**ബൈബിൾ വാക്യങ്ങൾ എഴുതൽ:** പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യംമുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി.ഒ.സി ബൈബിൾ ഉപയോഗിക്കുക. സമയം: 10 മിനിട്ട്

**ക്വിസ്മത്സരം :** സീനിയേഴ്സിന് മാത്രമാണ് മത്സരം. ഇടവകയിൽ നിന്ന് ഒന്നാംസ്ഥാനം നേടുന്നവർക്ക് ഫൊറോനയിലും, ഫൊറോനയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് രൂപതയിലും മത്സരിക്കാം. 2 പേരടങ്ങുന്ന ടീമാണ് മത്സരിക്കേണ്ടത്.

**വിഷയങ്ങൾ.**

a. വിശ്വാസ പരിശീലനത്തിന് ഒരു വഴി കാട്ടി (80%)

പേജ് 39-44 (സുവിശേഷങ്ങൾ മുതൽ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വരെ)

പേജ് 51-66 ( പൊതു വിവരങ്ങൾ മുതൽ സുനഹദോസുകൾ വരെ)

പേജ്82-87 (ആരാധനക്രമം മുതൽ കുമ്പസാരം വരെ)

പേജ് 102-104 ( പരിശുദ്ധ കന്യാമറിയം മുതൽ അപ്പസ്തോലന്മാർ വരെ)

b. പാലക്കാട് രൂപത തിരുബാലസഖ്യം സംബന്ധിച്ച പൊതുചോദ്യങ്ങൾ (20%)

**3. തിരുബാലസഖ്യം ആൽബം മത്സരം**

"സുവിശേഷങ്ങളിലെ യേശു" എന്നതാണ് വിഷയം. ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ബൈബിൾ സംഭവങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവ ഏറ്റവും മനോഹരമായ രീതിയിൽക്രമീകരിച്ചുണ്ടാക്കുന്ന ആൽബങ്ങളാണ് മത്സരത്തിന് ഉദ്ദേശിക്കുന്നത്. ആൽബത്തിന്റെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. 15 പേജിൽ കൂടാനോ 10 പേജിൽ കുറയാനോ പാടില്ല. ഒരു ഇടവകയിൽ നിന്ന് ഒരു ആൽബമേ സ്വീകരിക്കൂ. ഇടവകയിൽ നിന്നുള്ള ആൽബങ്ങൾ ജനുവരി 15-ന് മുമ്പ് ഫൊറോന ഡയറക്ടറെ ഏല്പിക്കുകയും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവ 2012 ജനു





വരി 30 ന് മുമ്പ് രൂപതയിൽ എത്തിക്കേണ്ടതുമാണ്. ആൽബത്തിന് ഓരോ യൂണിറ്റിനും ഇഷ്ടമുള്ള പേരുകൾ നൽകാവുന്നതാണ്. ആവശ്യമായ അടിക്കുറിപ്പുകൾ ആൽബത്തിൽ ഉപയോഗിക്കാവുന്നതാണ്. കുഞ്ഞുങ്ങളുടെ കഴിവും, ഒരുമയും വികസിപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം എന്നതിനാൽ ആനിമേറ്റർമാരുടെ നിർദ്ദേശപ്രകാരം കുഞ്ഞുങ്ങൾ തന്നെയാണ് ആൽബം ക്രമീകരിക്കേണ്ടത്.

**ശ്രദ്ധിക്കുക**

തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏത് പരിപാടിക്ക് വരുമ്പോഴും കുട്ടികൾക്കെല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

കാവൽ മാലാഖയുടെ സംരക്ഷണം പ്രത്യേകം പ്രാർത്ഥിക്കുന്ന ഈ മാസം (ഒക്ടോബർ 2) കുഞ്ഞുങ്ങൾക്കെല്ലാം വേണ്ടി നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. ഉണ്ണീശോ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2011 ഒക്ടോബർ 3, 4, 5, 6** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

കോഴ്സിന്റെ റെജിസ്ട്രേഷൻ ഫീസ് - 750 Rs ആയിരിക്കും.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**ഒറ്റപ്പാലം ഫൊറോന കൺവെൻഷൻ**

ഒക്ടോബർ 6-ാം തിയതി ഒറ്റപ്പാലം ഫൊറോന പാരിഷ്ഹാളിൽ വച്ച് ഫൊറോന കുടുംബസമ്മേളന ഭാരവാഹികളുടെ ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു.

ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കുഞ്ചേരി ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത കൺവെൻഷനിൽ ശ്രീ. ബാബു. കെ.എഫ്. ക്ലാസുകൾ നയിക്കും. അഭിവന്ദ്യപിതാവ് സന്ദേശം നല്കുന്നസമാപന സമ്മേളനത്തിനുശേഷം റവ. ഫാ. ജോബി തരണിയിൽ അർപ്പിക്കുന്ന വി. കുർബാനയിൽ റവ. ഫാ. ബിജോയ് ചോതിരക്കോട്ട് സന്ദേശം നൽകും.

**പൊന്നങ്കോട് ഫൊറോന കൺവെൻഷൻ**

ഒക്ടോബർ 15-ാം തിയതി ശനിയാഴ്ച പൊന്നങ്കോട് ഫൊറോന പാരിഷ്ഹാളിൽവച്ച് ഫൊറോന കുടുംബസമ്മേളന ഭാരവാഹികളുടെ ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സമ്മേളനത്തിൽ ശ്രീ. സേവ്യർ ക്ലാസുകൾക്ക് നേതൃത്വം നൽകും. സമാപന സമ്മേളനത്തിൽ ഫൊറോന വികാരി വെരി റവ. ഡോ. പീറ്റർ കുരുതുകുളങ്ങര ആദ്ധ്യക്ഷ്യം വഹിക്കും. റവ. ഫാ. ആന്റോ തൈക്കാട്ടിൽ വി. കുർബാനക്കു കാർമ്മികത്വം വഹിക്കും. റവ. ഫാ. ജോയ് ചാലിശ്ശേരി സി.എം.ഐ സന്ദേശം നല്കും.

**കാഞ്ഞിരപ്പുഴ ഫൊറോന കൺവെൻഷൻ**

ഒക്ടോബർ 26-ാം തിയതി കാഞ്ഞിരപ്പുഴ ഫൊറോന പാരിഷ്ഹാളിൽ വച്ച് നടത്തപ്പെടുന്ന കൺവെൻഷനിൽ ഫൊറോനയിലെ എല്ലാ കുടുംബസമ്മേളന ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. രാവിലെ 9.30 നു റെജിസ്ട്രേഷൻ ആരംഭിക്കും. ഫൊറോന വികാരി വി. റവ. ഫാ. ജോസ് പി. ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്യും. ശ്രീ. ബാബു കെ. എഫ്. ക്ലാസുകൾക്ക് നേതൃത്വം കൊടുക്കും. ഉച്ചകഴിഞ്ഞുള്ള സമാപന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് സന്ദേശം നല്കും. റവ. ഫാ. ഷാജു അങ്ങേവീട്ടിൽ വി. കുർബാനക്കു കാർമ്മികത്വം വഹിക്കും. റവ. ഫാ. ജോജി വടക്കേക്കര സന്ദേശം നല്കും.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ

## കെ. സി. എസ്. എൽ

**എക്സോഡസ് 2011**

ഈ വർഷത്തെ കെ.സി.എസ്.എൽ. നേതൃത്വ പരിശീലനക്യാമ്പ് എക്സോഡസ് 2011 സെപ്റ്റംബർ 4, 5, 6 തിയ്യതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് നടന്നു. 18 സ്കൂളുകളിൽ നിന്നായി 127 കെ.സി.എസ്.





എൽ. കൂട്ടുകാർ പങ്കെടുത്തു. ക്യാമ്പിന് നേതൃത്വം നൽകിയത് ബ്ര. ഷൈജു പരിയാത്ത്, ബ്ര. ജെറിൻ വാഴപ്പിള്ളി, ബ്ര. ടോജി ചെല്ലംകോട്ട്, ജിജോ എന്നിവരാണ്. ക്യാമ്പിൽ പങ്കെടുത്ത എല്ലാ കൂട്ടുകാർക്കും എല്ലാ സ്കൂളുകൾക്കും സ്നേഹത്തോടെ നന്ദി പറയുന്നു.

ക്യാമ്പ് നയിച്ച ബ്രദേഴ്സിനും മുഴുവൻ സമയവും കൂടെനിന്ന എല്ലാ ആനിമേറ്റേഴ്സിനും ക്ലാസ്സുകൾ നയിച്ച ബഹു. സംസ്ഥാന ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി, ഫാ. മാത്യു വാഴയിൽ, ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ടെൻസൺ താന്നിക്കൽ, ഫാ. ജെയ്മോൻ പള്ളിനീരാക്കൽ എന്നിവർക്കും നന്ദിപറയുന്നു. പാസ്റ്ററൽ സെന്ററിലെ എല്ലാ ബഹു. സിസ്റ്റേഴ്സിനും സഹോദരീസഹോദരങ്ങൾക്കും സ്നേഹത്തോടെ നന്ദി.

**സാഹിത്യമത്സരങ്ങൾ**

രൂപതാല സാഹിത്യമത്സരങ്ങൾ ഒക്ടോബർ 15 ശനിയാഴ്ച 4 മേഖലകളിലായി നടക്കുന്നു. എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സംസ്ഥാനതല സാഹിത്യമത്സരങ്ങൾ**

സംസ്ഥാനതല സാഹിത്യമത്സരങ്ങൾ നവംബർ 12 ശനിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് ഹൈസ്ക്കൂളിൽവെച്ച് നടക്കുന്നു. രൂപതാതലത്തിൽ സമ്മനങ്ങൾ നേടിയവരാണ് സംസ്ഥാനതലത്തിൽ പങ്കെടുക്കേണ്ടത്.

**ഫാ. ജിൻസ് പ്ലാത്തോട്ടത്തിൽ**
ഡയറക്ടർ, കെ.സി.എസ്.എൽ.

## മാതൃസംഘം

**ഒക്ടോബർ 2011**

- ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും
- 2011 ഒക്ടോബർ 5,6 മാതൃസംഘം ഫൊറോന കലാമത്സരങ്ങൾ
- 2011 ഒക്ടോബർ 8 ശനി: 'സൃഷ്ടി 2011' രൂപതയിൽ സമർപ്പിക്കേണ്ട അവസാനതീയതി.
- 2011 ഒക്ടോബർ 26 'ഐക്യോത്സവ് 2011', മാതൃസംഘം രൂപതാ കലാമത്സരങ്ങൾ, പാസ്റ്ററൽ സെന്റർ പാലക്കാട്.
- ഒക്ടോബർ 22 ശനിയാഴ്ച 5.p.mന് മുമ്പ് ലിസ്റ്റ് രൂപതയിൽ എത്തിക്കണം.

**നവംബർ 2011**

- 2011 നവംബർ 5 ശനി മാതൃസംഘം രൂപതാതല സാഹിത്യമത്സരങ്ങൾ ക്വിസ്, പ്രബന്ധം, ചിത്രരചന, പെയിന്റിംഗ്.
- ഫൊറോനതല ജനറൽ ബോഡിമീറ്റിംഗ്
- പൂർവ്വിക സൗഹൃദം, മരിച്ചുപോയ മാതൃസംഘാംഗങ്ങൾക്കായി പ്രാർത്ഥന

**ഐക്യോത്സവ് 2011**

മത്സരനിയമാവലി ചില വിശദീകരണങ്ങൾ താഴെ കൊടുക്കുന്നത് ശ്രദ്ധിക്കുമല്ലോ.

a. ഗ്രൂപ്പ് ഇനങ്ങൾ 2 എൻട്രികൾ ഒരു ഫൊറോനയിൽ നിന്നും നല്കാം.

b. പുത്തൻപാനാലാപനം- അമ്മമാരുടെ പരമ്പരാഗതവേഷത്തിൽ പങ്കെടുക്കുകയും. പുത്തൻ പാന പുതിയ സി.ഡി യിലെ പോലെ ഈണത്തിൽ.

c. വചനസദ്യ-വചനഭാഗം 4 സുവിശേഷങ്ങൾ പൂർണ്ണ വാക്യങ്ങൾ മാത്രം.2011 പ്രവർത്തന മാർഗ്ഗരേഖ വിഷയങ്ങളുമായി ബന്ധമുള്ളവയായിരിക്കും. വചനഭാഗം ചോദ്യപേപ്പറിൽ തരും. അതിൽ വാക്യം പൂർണ്ണമായി എഴുതിയാൽ മതി.

d. മെമ്മറി ടെസ്റ്റ്- കാണാൻ നല്കുന്നവ 5 മിനിട്ടുകൊണ്ട് കണ്ട് 10 മിനിറ്റുകൾകൊണ്ട് എഴുതണം.

e. 2011 ഒക്ടോബർ 22 ന് നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ഫൊറോന ലിസ്റ്റ് അന്നേദിവസം 10 മണിക്ക് ഓഫീസിൽ ലഭിക്കണം.

f. പെയിന്റിംഗ്.മുറിയിൽ തൂക്കിയിട്ടിരിക്കുന്ന പടം നിങ്ങളുടെ ഡ്രോയിംഗ് ഷീറ്റിൽ വരച്ച് പടത്തിലുള്ള കളർ വാട്ടർകളർ ഉപയോഗിച്ച് പെയിന്റ് ചെയ്യണം.

g. ഫൊറോന ഭാരവാഹികൾ അവരുടെ അംഗങ്ങൾക്കുള്ള ഭക്ഷണ ക്രമീകരിക്കണം. പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 22 ന് ഓർഡർ ചെയാൽ ലഭിക്കുന്നതാണ്.

**സൃഷ്ടി 2011 (കയ്യെഴുത്തു പ്രതിമത്സരം)**

2011 ഒക്ടോബർ 8 നു 5 ജാ നു മുമ്പായി രൂപതാ മാതൃസംഘം ഓഫീസിൽ എത്തിക്കണം.

**ഡിബേറ്റ് മത്സരഫലം**

2011 സെപ്തംബർ 21 ന് നടത്തിയ രൂപതാ ഡിബേറ്റിൽ പങ്കെടുത്ത 7





ടീം അംഗങ്ങൾക്കും നന്ദി. ഓരോ വർഷവും കൂടുതൽ ഊർജ്ജസ്വലരായി പങ്കെടുക്കുന്നതിൽ അനുമോദനങ്ങൾ.

വടക്കഞ്ചേരി ഫൊറോന, ഒറ്റപ്പാലം ഫൊറോന, മേലാർകോട് ഫൊറോന, മണ്ണാർക്കാട് ഫൊറോന, കാഞ്ഞിരപ്പുഴ ഫൊറോന, പൊന്നംകോട് ഫൊറോന, മംഗലം ഡാം ഫൊറോന

**മിഷൻ ക്വിസ് 2011**

2011 നവംബർ 27 നു ഞായറാഴ്ച യൂണിറ്റുകളിൽ വച്ച് നടത്തപ്പെടുന്നു. കൈപുസ്തകം പാലക്കാട് സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് 10 രൂപയ്ക്ക് ലഭ്യമാണ്.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

**CWWC**

**Women code bill പ്രതിഷേധം**

കേരളത്തിലെ സർക്കാരിന് ബഹു. വി.ആർ കൃഷ്ണയ്യർ ചെയർമാനായുള്ള സമിതി സമർപ്പിച്ചിട്ടുള്ള വിവാദമായ നിയമകരടുരേഖയെപ്പറ്റി ആഴമായി പഠിക്കുകയും ചർച്ച ചെയ്യുകയും പ്രതികരിക്കുകയും ചെയ്യുക. സമൂഹത്തെ ശിഥിലീകരിക്കാൻ മനപൂർവ്വം ഒരുക്കുന്ന തന്ത്രമാണിത്. മുമ്പ് അവതരിപ്പിക്കാൻ പരിശ്രമിച്ച് എതിർപ്പുമൂലം പിൻവലിഞ്ഞവ സടകുടഞ്ഞെഴുന്നേൽക്കുകയാണ്. ഫാമിലി വെൽ ബീയിംഗ് ബിൽ എന്ന പേരിൽ അവതരിച്ചതിന്റെ പുതിയ രൂപം! ധാർമ്മികബോധമുള്ള രാഷ്ട്രപുരോഗതി ഭാവാത്മകമായി നിഷേധാത്മകമായി ലക്ഷ്യം വയ്ക്കുന്ന കേരള ജനത ഒറ്റക്കെട്ടായ് ഇതിനെ എതിർക്കണം. മനുഷ്യന്റെ മൗലീക അവകാശങ്ങളെക്കുറിച്ച് അവഗാഹം ഉണ്ടാകേണ്ട മുൻചീഫ് ജസ്റ്റീസിന്റെ മനസ്സിലെ ദുഃഷ്ടലാക്കെന്താണ്? തിമിരം കണ്ണിനും മനസ്സാക്ഷിയ്ക്കും ബാധിച്ചുവോ? പ്രത്യയശാസ്ത്രപ്രതിബന്ധത പരിശോധനാവിഷയമാക്കണം.. വ്യക്തിസ്വാതന്ത്ര്യം,ജനാധിപത്യ വ്യവസ്ഥ, സമൂഹനന്മ,കുടുംബം എന്ന പരമ്പരാഗത പ്രസ്ഥാനം,ജീവജാലങ്ങളുടെ വംശ വർദ്ധനവിന് പ്രപഞ്ചം തന്നെ ഒരുക്കിയിരിക്കുന്ന സംവിധാനത്തോട് വിവേകപൂർവ്വകമായ മനുഷ്യന്റെ തീരുമാനത്തിൻമേലുള്ള കടന്നു കയറ്റം തുടങ്ങിയ വിഷയങ്ങളിൽ ഈ കരടുരേഖയിലെ നിർദ്ദേശങ്ങൾ തുരങ്കം വയ്ക്കുന്നു. സാമ്പത്തിക അസംതുലിതാ

വസ്ഥ പരിഹരിക്കാൻ ഭരണ കൂടം നിയമനിർമ്മാണം നടത്തുകയും ഉരുക്കുബലത്തോടെ പ്രാവർത്തികമാക്കുകയും ചെയ്യണം. വിഭവ തുല്യതാവികരണമാണ് ആവശ്യം. സമിതി അംഗമായ ശ്രീമതി ബീനാ സെബാസ്റ്റ്യന്റെ 2011 ഒക്ടോബർ 27 ലെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുകയും സമിതിയുടെ ഏകപക്ഷീയമായ തീരുമാനങ്ങളും കാപട്യങ്ങളും വ്യക്തമായി പഠിക്കുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളി**
ഡയറക്ടർ, CWWC



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഒക്ടോ. | 02-07 | വൈദികരുടെ ധ്യാനം. |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോ. | 09-14 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. | 16 | ധ്യാനം ഇല്ല |
| ഒക്ടോ. | 23-28 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. 30 നവം. 04 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം. |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org





**സെഹിയോൻ കൺവെൻഷൻസ്**

ഒക്ടോബർ 23 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ജില്ലാവിമൻസ് ഫെഡ് മീറ്റിംഗ്**

5.10. 11 ന് ബുധനാഴ്ച11 മണിക്ക് ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പി യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.10.11 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പി.എസ്.എസ്.പി | 11.am |
| 12.10.11 | ബുധൻ | മണ്ണാർക്കാട് | കാരാകുറുശ്ശി | 11.am |
| 13.10.11 | വ്യാഴം | ശ്രീകൃഷ്ണപുരം | പ്ലാന്തോട്ടം | 11.am |
| 14.10.11 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.pm |
| 14.10.11 | വെള്ളി | ചിറ്റൂർ | പെരുമാട്ടി | 11.am |
| 17.10.11 | തിങ്കൾ | അട്ടപ്പാടി | ഗൂളക്കടവ് | 11.am |
| 19.10.11 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 11.am |
| 26.10.11 | ബുധൻ | ആലത്തൂർ | എഫ്.സി.സി | 11.am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.10.11 | തിങ്കൾ | ഗൂളക്കടവ് റീജിയണൽഓഫീസ് | 11.00am to 2.00pm |
| 18.10.11 | ചൊവ്വ | സാൻജോടവ്വർ | 10.00am to 2.00pm |
| 19.10.11 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11.00am to01.00pm |
| 20.10.11 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00 amto2.00 pm |
| 26.10.11 | ബുധൻ | വടക്കഞ്ചേരി എഫ്.സി.സി | 11.00 amto 2.00pm |

**ഗാന്ധിജയന്തി ആഘോഷം**

ഈ വർഷത്തെ ഗാന്ധിജയന്തി ആഘോഷം അട്ടപ്പാടി, മണ്ണാർക്കാട് ബ്ലോക്ക് വിമൻസ് ഫെഡുകളുടെ നേതൃത്വത്തിൽ 1.10.11 ന് ശനിയാഴ്ച അട്ടപ്പാടിയിൽവച്ച് ( ഗൂളിക്കടവ്) നടത്തപ്പെടുന്നു.

**LIC Micro Insurance.**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടു കൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ,വിപണന പരിശീലനപരിപാടി**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്,സോപ്പുല്പന്നങ്ങൾ, ഹാർപിക്, ഫിനോയിൽ, ഉജാല ചന്ദനത്തിരി മുതലായ 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന പരിശീലനം രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്നു. സെപ്റ്റംബർ മാസത്തെ പരിശീലനം ഗൂളിക്കടവ് റീജിയണൽ ഓഫീസിൽ വച്ച് സെപ്റ്റംബർ 28, 29 തീയതികളിൽ നടത്തപ്പെടുന്നു.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2011 സെപ്റ്റംബർ മാസം നടപ്പിലാക്കുന്ന സാങ്കേതി തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ

| ക്രമനമ്പർ | കോഴ്സുകൾ | സ്ഥലം |
|---|---|---|
| 1 | ഡ്രസ്സ് മേക്കിംഗ് | ചിണ്ടക്കി |
| 2 | ഡ്രസ്സ് മേക്കിംഗ് | കൂത്താടിച്ചാള |
| 3 | ഡ്രസ്സ് മേക്കിംഗ് | വെച്ചപ്പതി |
| 4 | ഡ്രസ്സ് മേക്കിംഗ് | സാമ്പർകോട് 1 |
| 5 | ഡ്രസ്സ് മേക്കിംഗ് | സാമ്പർകോട് 2 |
| 6 | ഡ്രസ്സ് മേക്കിംഗ് | ഭൂതിവഴി |
| 7 | ഡ്രസ്സ് മേക്കിംഗ് | ചിന്നമൂലത്തറ |
| 8 | ഡ്രസ്സ്മേക്കിംഗ് | പിടാരിമേട് |
| 9 | ഡ്രസ്സ്മേക്കിംഗ് | നെല്ലിപ്പതി |
| 10 | ഡ്രസ്സ്മേക്കിംഗ് | കുറുക്കൻകുണ്ട് |
| 11 | ഡ്രസ്സ്മേക്കിംഗ് | വടകോട്ടത്തറ |
| 12 | മെഷീൻ എംബ്രോയിഡറി | കൂത്താടിച്ചാള |
| 13 | മെഷീൻ എംബ്രോയിഡറി | ഭൂതിവഴി |
| 14 | സ്ക്രീൻ പ്രിന്റിംഗ് | കടമ്പഴിപ്പുറം |





**ജില്ലാതല സർട്ടിഫിക്കറ്റ് വിതരണം**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് 2011-2012 വർഷത്തിൽ നടപ്പിലാക്കിയ ആദ്യഘട്ട കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തീകരിച്ച 400 പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം സെപ്റ്റംബർ 24 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് ജില്ലയിലെ പ്രമുഖ വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ അന്നേദിവസം കേരളത്തിലെ പ്രമുഖ വസ്ത്ര നിർമ്മാണ യൂണിറ്റായ കിറ്റക്സിലേക്കുള്ളഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലേക്കുള്ള ക്യാമ്പസ്ഇന്റർവ്യൂ നടത്തപ്പെടുന്നതാണ്.

**പ്രകൃതി കൃഷി പഠനയാത്ര**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ സാങ്കേതിക തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗമായ നാച്ചറൽ ഫാമിംഗ് പരിശീലനം നേടിയവർക്കായി ഒരുപ്രകൃതി പഠനയാത്ര ജെ.എസ്.എസ്ഡയറക്ടർ ശ്രീ. കെ.ഡി ജോസഫിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം26-ാം തിയതി അയിലൂർ, നെന്മാറ, ഇളവംപാടം എന്നീസ്ഥലങ്ങളിലുള്ള സീറോ ബഡ്ജറ്റ് കൃഷി ഇടങ്ങൾ സന്ദർശിച്ചു. ഈ പഠനയാത്രയിൽ പി.എസ്.എസ്.പി കൃഷി ഓഫീസർ ശ്രീ.പി ശിവശങ്കരൻ ആചാരി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം**

10-ാം ക്ലാസ് പഠനം പൂർത്തിയാക്കാൻസാധിക്കാത്ത യുവതിയുവാക്കൾക്ക് ഓർഗനിക് ഫാമിംഗ് (പ്രകൃതി,കൃഷി) ഫാഷൻ ഡിസൈനിംഗ്, ഫാബ്രിക്, പെയിന്റിംഗ്, സാരിവർക്സ്,പ്ലംബിംഗ്,കാറ്ററിംഗ് എന്നീ കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തി

യാക്കുന്നവർക്ക് സർട്ടിഫിക്കറ്റും സ്വന്തമായോ ഗ്രൂപ്പായോ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ സാങ്കേതിക സഹായങ്ങളും ചെയ്തുതരുന്നതാണ്.

**മുയൽ കൃഷി**

മുയൽ കൃഷിയിൽ പുതിയ ആവേശമായിമാറുന്നു ലാർജ്ജ് വൈറ്റ്സോവ്യറ്റ് ചിഞ്ചില ഇനങ്ങൾ. നമ്മുടെ നാടിന്റെ കാലാവസ്ഥയ്ക്കും പ്രകൃതിയ്ക്കും വളരെ ഇണങ്ങിയതും ശരാശരി 7 കിലോ തൂക്കം വരുന്നതുമായ മുയലുകൾകാഴ്ചയ്ക്കും ഭംഗിയുള്ളവായണ്. കൃത്യതയാർന്ന പരിചരണ പ്രജനന മുറകളിലൂടെ ഒരു സ്ഥിരവരുമാന മാർഗ്ഗമായി മുയൽ കൃഷി മാറ്റാം. മുയലിറച്ചി ആഹാരത്തിന്റെ ഭാഗമാക്കുന്നതിലൂടെ പല ആരോഗ്യ പ്രശ്നങ്ങൾക്കും പരിഹാരമാകും. വിശദവിവരങ്ങൾക്കും മോഡൽഫാം സന്ദർശിക്കുന്നതിനും മുയൽ കുഞ്ഞുങ്ങൾക്കും പി.എസ്.എസ്.പി കാർഷിക വിഭാഗവുമായി ബന്ധപ്പെടുക. (9495960395)

# കെ.എൽ.എം. പാലക്കാട്

**അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതി**

നമ്മുടെ രാജ്യത്തെ തൊഴിലാളികളിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നാണ് കേന്ദ്രസർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ വിവരിക്കുന്നത്. ആവശ്യമായ നിയമപരിരക്ഷ,തൊഴിൽ സുരക്ഷ,സാമൂഹിക സുരക്ഷ എന്നീ സംരക്ഷണങ്ങൾ ഇല്ലാത്ത തൊഴിലാളി വിഭാഗങ്ങളെയാണ് അസംഘടിത തൊഴിലാളികൾ എന്നു വിളിക്കുന്നത്.

ഈ വിഭാഗം തൊഴിലാളികളുടെ വാർദ്ധക്യകാലസുരക്ഷ, കുടുംബസുരക്ഷ, അപകടസുരക്ഷ എന്നിവ പരിരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സഹായത്തോടെ കെ.എൽ.എം നടപ്പിലാക്കുന്ന അസംഘടിത തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹിക സുരക്ഷാ പാക്കേജാണ് കെ.എൽ.എം സുരക്ഷ.

**അംഗത്വം**

ഈ പാക്കേജിൽ 18 വയസ്സുമുതൽ 54 വയസ്സുവരെയുള്ള അസംഘടിത തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ ഇവർക്ക് സർക്കാരിന്റെ പി.എഫ് പദ്ധതിയിൽ അംഗത്വമുണ്ടായിരിക്കാൻ പാടില്ല.

**ആനുകൂല്യങ്ങൾ**

അപകടമരണത്തിന് 85,000 രൂപ, സാധാരണ മരണത്തിന് 40,000 രൂപ,





സമ്പൂർണ്ണമായ അവശതയ്ക്ക് 85,000 രൂപ വരെ, 60 വയസ്സു മുതൽ ആയുഷ്കാല പെൻഷൻ, 60 വയസ്സിൽ നിക്ഷേപ തുകയുടെ 60 ശതമനാം വരെ പിൻവലിക്കാം. എന്നാൽ 1000 രൂപ പ്രതിമാസ പെൻഷൻ ലഭിക്കാൻ വേണ്ട തുക അക്കൗണ്ടിൽ നിലനിർത്തേണ്ടതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ കുടുംബപെൻഷൻ ലഭിക്കും. കുടുംബപെൻഷൻ ആവശ്യമില്ലാത്തവർക്ക് അക്കൗണ്ടിലുള്ള തുക തിരികെ ലഭിക്കും. പെൻഷൻ അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 1000 രൂപ കേന്ദ്രസർക്കാർ വിഹിതം.

**വിഹിതം**

പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം പരമാവധി പ്രതിമാസം1000 രൂപ വരെ. പ്രതിവർഷം 150 രൂപ ഇൻഷുറൻസിലേയ്ക്കും, ബാക്കിയുള്ള തുക പെൻഷൻ ഫണ്ടിലേയ്ക്കും അടക്കുന്നു.

**രജിസ്ട്രേഷൻ**

കെ.എൽ.എം സുരക്ഷയുടെ അപേക്ഷാഫോറം, പെൻഷന്റെ രണ്ടു അപേക്ഷാ ഫോറങ്ങൾ എന്നിവ പൂരിപ്പിച്ചു നൽകണം. കൂടാതെ പാസ്പോർട്ട് കളർ ഫോട്ടോയുടെ മൂന്നു കോപ്പികൾ, വോട്ടേഴ്സ്ഐഡി കാർഡിന്റെ കോപ്പി, ജനനതീയതി മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖയുടെ കോപ്പി എന്നിവ വേണം. എല്ലാ അംഗങ്ങൾക്കും കേന്ദ്ര പെൻഷൻഫണ്ട് റെഗുലേറ്ററി & ഡെവലപ്പ്മെന്റ് അതോറിറ്റി നൽകുന്ന പ്രാൺ (പെർമനെന്റ് റിട്ടയർമെൻറ് അക്കൗണ്ടനമ്പർ) കാർഡ് ലഭിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

പ്രാദേശിക ഓഫീസുമായി ബന്ധപ്പെടുക
കെ.എൽ.എം പാലക്കാട്
C/O പി.എസ്.എസ്.പി.ചക്കാന്തറ, പാലക്കാട്
0491 2520395

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.




# സീറോ-മലബാർ പ്രേഷിതവർഷം 2011-2012

**1. ഉപന്യാസമത്സരം**

മിഷൻ ഇയറിനോടനുബന്ധിച്ച് സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നേതൃത്വത്തിൽ ഉപന്യാസമത്സരം നടത്തപ്പെ

ടുന്നു. വിവിധ പ്രായപരിധികളിൽപ്പെട്ടവർക്ക് വെവ്വേറെയായിരിക്കും മത്സരം.

**വിഷയം :** സഭയും മിഷൻ പ്രവർത്തനങ്ങളും

പ്രായപരിധി : 12-17 ജൂനിയർ, 18-25 സീനിയർ, 26ന് മുകളിൽ സൂപ്പർ സീനിയർ.

തിയതി : നവംബർ 20 ഞായർ

**നിബന്ധനകൾ**

ഭാഷ - മലയാളം, പരിധി 750 വാക്കുകൾ/ 7 പുറത്തിൽ കവിയാതെ

**മൂല്യനിർണ്ണയം :** വിഷയാവതരണം 50%, ചിട്ടപ്പെടുത്തൽ 25%, ഭാഷ 15%, റഫറൻസ് 10%.

**പ്രത്യേക നിർദ്ദേശങ്ങൾ**

ഓരോ ഇടവകയിലും നിശ്ചിത സമയത്ത് നടത്തുന്ന മത്സരത്തിൽ നിന്നും മികച്ച രണ്ടെണ്ണം മാത്രം തെരഞ്ഞെടുത്ത് ഫൊറോനതല വിശ്വാസപരിശീലന ഡയറക്ടറെ ഏല്പ്പിക്കേണ്ടതാണ്. ഓരോ ഫൊറോനകളിൽ നിന്നും മികച്ച രണ്ടെണ്ണം മാത്രം തെരഞ്ഞെടുത്ത് രൂപതാതല മൂല്യനിർണ്ണയത്തിനായി നവംബർ 30ന് മുമ്പ് വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സമ്മാനങ്ങൾ :** ഒന്നാം സമ്മാനം : 10,000 രൂപ , രണ്ടാം സമ്മാനം : 7000 രൂപ, മൂന്നാം സമ്മാനം : 5000 രൂപ (എല്ലാ വിഭാഗക്കാർക്കും വെവ്വേറെ)

**2. മിഷൻക്വിസ് മത്സരം**

മിഷൻ ഇയറിനോടനുബന്ധിച്ച് സഭയുടെ പ്രേഷിത രംഗത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടത്തുന്ന ക്വിസ് മത്സരം

**പഠനഭാഗം :** പ്രേഷിത സഭ (മിഷൻ ക്വിസ്മത്സര പഠനസഹായി), സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തന മാർഗ്ഗരേഖ: അപ്പസ്തോല പ്രവർത്തനവും മിഷൻ പ്രവർത്തനവും, എനിക്കു സാക്ഷികളാകുവിൻ (A book on Syro - Malabar Mission), ദംന്തോറിസ് മിസിയോ (രക്ഷകന്റെ മിഷൻ), Ad Gentes, Evangeli Nuntiandi.

**പ്രായപരിധി**

8-12 വയസ് സബ് ജൂനിയർ, 13-17 വയസ് ജൂനിയർ, 18-25 സീനിയർ, 25 വയസ്സിന് മുകളിൽ സൂപ്പർ സീനിയർ.

**ഉപാധികൾ**





ഇടവകകളാണ് മത്സരവേദികൾ, തെരഞ്ഞെടുത്ത് ഉത്തരമെഴുതാനുള്ള 60 ചോദ്യങ്ങളും ഖണ്ഡികയിലെഴുതാനുള്ള രണ്ട് ചോദ്യങ്ങളും. നിശ്ചിത 60 ചോദ്യങ്ങളിൽ 50 മാർക്കെങ്കിലും ലഭിക്കുന്ന ഉത്തരകടലാസുകളാണ് രൂപതയിലേക്ക് അയക്കേണ്ടത്. മത്സരദിവസം തന്നെ മൂല്യനിർണ്ണയം നടത്തി വിവിധ വിഭാഗങ്ങളിലായി തെരഞ്ഞെടുക്കുന്ന ഉത്തരകടലാസുകൾ നവംബർ 30ന് മുമ്പായി വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സമ്മാനങ്ങൾ :** ഒന്നാം സമ്മാനം : 25,000 രൂപ , രണ്ടാം സമ്മാനം : 15,000 രൂപ, മൂന്നാം സമ്മാനം : 10,000 രൂപ (എല്ലാ വിഭാഗക്കാർക്കും വെവ്വേറെ)

**3. പവർപോയിന്റ് പ്രസന്റേഷൻ മത്സരം**

**നിബന്ധനകൾ**

പങ്കെടുക്കുന്നവർ : സീറോ മലബാർ കത്തോലിക്സ് (പ്രായപരിധിയില്ല)

വിഷയം: Being a missionary in the context :

**How can I be a missionary in my life - Life situation?**

Time limit 5 minutes (20 MB), Submit 3 copies in CD/DVD form, Self running mode Power Point Presentation, Medium : English.

നവംബർ 30ന് മുമ്പ് പാലക്കാട് വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സമ്മാനങ്ങൾ :** ഒന്നാം സമ്മാനം : 10,000 രൂപ , രണ്ടാം സമ്മാനം : 7000 രൂപ, മൂന്നാം സമ്മാനം : 5000 രൂപ.

**4. ചിത്രരചനാമത്സരം**

പ്രായപരിധി : 12 വയസിൽ താഴെയുള്ള കുട്ടികൾ

വിഷയം : എന്റെ മിഷൻ സങ്കൽപം. അവസാനതീയതി : നവംബർ 30

**നിബന്ധനകൾ**

വാട്ടർ കളർ മാത്രമേ ഉപയോഗിക്കാവൂ. അനുയോജ്യമായ അടിക്കുറുപ്പും എഴുതുക. പേപ്പർ സൈസ് 35x28.5 cm, ചിത്രത്തോടൊപ്പം വികാരിയച്ചന്റെ സാക്ഷ്യപത്രവും അയയ്ക്കുക. പോസ്റ്റൽ സർവ്വീസിലൂടെയോ നേരിട്ടോ ചിത്രങ്ങൾ എത്തിക്കാം.

**സമ്മാനങ്ങൾ :** ഒന്നാം സമ്മാനം : 10,000 രൂപ , രണ്ടാം സമ്മാനം : 7000 രൂപ, മൂന്നാം സമ്മാനം : 5000 രൂപ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

കോ-ഓർഡിനേറ്റർ

# From the Bishop's Diary

**2011 ആഗസ്റ്റ്**

30 – പാലക്കാട് ടൗൺ പ്രയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

– വടക്കഞ്ചേരി ഫൊറോനതല കുടുംബയൂണിറ്റുകളിലെ ഭാരവാഹികളുടെ സമ്മേളനത്തിൽ സമാപനസന്ദേശം നൽകി.

31 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2011 സെപ്റ്റംബർ**

1. – രൂപതാ ആലോചനാസമിതി അംഗങ്ങളുടെയും രൂപതാ സൊസൈറ്റി അംഗങ്ങളുടെയും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ചന്ദ്രനഗറിലെ ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യാസിനീ സമൂഹത്തിലെ നൊവീസ്സസിന് ക്ലാസ്സെടുത്തു.

3 – മംഗലംഡാം ഫൊറോനതല കുടുംബയൂണിറ്റുകളിലെ ഭാരവാഹികളുടെ സമ്മേളനത്തിൽ സമാപനസന്ദേശം നൽകി.

– അരമനയിൽ സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

4 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

5 – രാമനാഥപുരം രൂപതാകേന്ദ്രവും ഗാന്ധിപുരം പള്ളിയും സന്ദർശിച്ചു.

6 – പാലക്കാട് ജെയ്ക്രിസ്റ്റോ കോൺവെന്റിൽ സി. ജോനാസ് സി.എം.സിയുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

7 – പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഓണാഘോഷ പരിപാടിയിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച വൈദികർക്ക് സന്ദേശം നൽകി.

9 – ആയൂർപാലന ആശുപത്രി സന്ദർശിക്കാൻ വന്ന മഹാരാഷ്ട്ര ഗവർണ്ണർ ശ്രീ. ശങ്കരനാരായണനെ സ്വീകരിച്ചു.

– രാജ്കോട്ട് രൂപതയുടെ മുൻ രൂപതാദ്ധ്യക്ഷൻ ഗ്രിഗറി കരോട്ടമ്പ്രായിൽ അരമന സന്ദർശിച്ചു.





10 – ഇരിഞ്ഞാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ മാർ ജെയിംസ് പഴയാറ്റിലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

11 – നവീകരിക്കപ്പെട്ട പല്ലിയറ സെന്റ് മേരീസ് ദൈവാലയം ആശീർവ്വദിച്ച് കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി.

– അട്ടപ്പാടിയിലെ സന്യാസഭവനങ്ങൾ സന്ദർശിച്ചു.

12 – വൈദികരുടെ വാർഷികധ്യാനാരംഭത്തിൽ ആമുഖ സന്ദേശം നല്കി.

12-17 വൈദികരോടൊത്ത് ധ്യാനത്തിൽ സംബന്ധിച്ചു.

17 – മുണ്ടൂർ യുവക്ഷേത്രയിൽ യുവക്ഷേത്ര ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

18 – പാലക്കാട് മിഷൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചുനടന്ന പ്രത്യാശാ ചാരിറ്റബിൾ സൊസൈറ്റിയുടെ ദശവാർഷികാഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

21 – പാലക്കാട് ഫൊറോനതല കുടുംബയൂണിറ്റുകളിലെ ഭാരവാഹികളുടെ സമ്മേളനത്തിൽ സമാപനസന്ദേശം നൽകി.

22 – കേരളശ്ശേരിയിലെ ഹോളിഫാമിലി ഭവൻ വെഞ്ചരിച്ചു. വി. കുർബാനയർപ്പിച്ചു.

23 – മുണ്ടൂർ യുവക്ഷേത്രയിൽ കാത്തലിക് ഹോസ്പിറ്റൽ അസ്സോസിയേഷൻ, കേരളയുടെ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

24 – ജെ.എസ്.എസ്. നടത്തിയ തൊഴിൽ പരിശീലനപരിപാടിയിൽ വിജയികളായവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുവേണ്ടി പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തിയ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി ജനറൽബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 – ധോണി സെന്റ് ജെയിംസ് ദ ഗ്രേറ്റ് ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച വൈദിക മന്ദിരം ആശീർവ്വദിച്ചു.

26 – പാലന ആശുപത്രിയുടെ പുതിയ ഗൈനക്കോളജി വിഭാഗം വെഞ്ചരിച്ചു.

27 – അരമനയിൽ വെച്ചുനടത്തിയ ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.